# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീഴരിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി5/1350/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 16/07/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴരിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി5/1350/2022 തീയ്യതി: 16/07/2022

# കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടിഡയരക്ടർ(ഹ.ഗ്രേ) | 30-06-2022 | 30-06-2022 |
| ശ്രീ.രത്നസിംഗ് കെ.പി | ഡെപ്യൂട്ടിഡയരക്ടർ | 01-07-2022 | 08-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 30-06-2022 | 08-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.എം ബാലകൃഷ്ണൻ. ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.ഗിരീശൻ പാറപ്പൊയിൽ .ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.എൻ രാജീവൻ.സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജാസിർ സി.എം.ഓഡിറ്റർ
ശ്രീ.ശ്രീജിത്ത്.കെ.വി.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഗോപാലൻ നായർ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| ശ്രീമതി.കെ.കെ.നിർമ്മല | പ്രസിഡന്റ് | 01-12-2020 | 31-03-2021 |
| ശ്രീ.റഫീഖ് സി.കെ | സെക്രട്ടറി | 01-04-2020 | 03-02-2021 |
| ശ്രീ.അൻസാർ കെ | സെക്രട്ടറി | 04-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീവിദ്യ വി.സി | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.മൊയ്തീൻ ഷാ എൻ.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ഷസ്ല മുഹമ്മദലി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.വിക്രം വി.വി | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2020 | 20-01-2021 |
| ഡോ.മുഹമ്മദ് അഷറഫ് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 21-01-2021 | 31-03-2021 |
| ഡോ.സീന ബി.മഠത്തിൽ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.ലവീണ ടി.ടി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി.സിജിന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 14-02-2021 |
| ശ്രീമതി.ജിഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 15-02-2021 | 31-03-2021 |
| ശ്രീമതി.റീനാകുമാരി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| ശ്രീമതി.ശോഭന | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-06-2020 | 31-12-2020 |
| ശ്രീമതി.ശബ്നം സി.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-01-2021 | 31-03-2021 |
| ശ്രീ.മുഹമ്മദ് ഇസ്മായിൽ കെ.ടി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സിജിന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 14-02-2021 |
| ശ്രീമതി.ജിഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 15-02-2021 | 31-03-2021 |
| ശ്രീ.വിപിൻ | വിഇഒ | 01-04-2020 | 31-10-2021 |

| | | | |
|---|---|---|---|
| ശ്രീ.മോഹനൻ | വിഇഒ | 01-11-2020 | 31-03-2021 |
| ശ്രീമതി.ഗ്രീഷ്മ സി.കെ | വിഇഒ | 01-04-2020 | 31-10-2020 |
| ശ്രീമതി.ജയശ്രീ പി.കെ | വിഇഒ | 01-11-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-1 |
| 2 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Srijith K.V (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Jasir C M (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-4 |
| 5 | ആഭ്യന്തര നിയന്ത്രണം<br>Written By: Balakrishnan K.M (Audit Officer (HG), On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-5 |
| 6 | ഐ എൽ ജി എം എസ് സോഫ്റ്റ് വെയർ ഉപയോഗിച്ചത്-പോരായ്മകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Jasir C M (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-7 |
| 8 | വാർഷിക കണക്കുകളുടെ അപാകതകൾ<br>Written By: Srijith K.V (Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-8 |
| 9 | സംരംഭക ലൈസൻസ് അപാകതകൾ<br>Written By: Jasir C M (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-9 |
| 10 | അനധികൃത നിർമ്മാണം -തുടർനടപടികൾ സ്വീകരിക്കുന്നില്ല.<br>Written By: Jasir C M (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-10 |
| 11 | തൊഴിൽ നികുതി അപാകതകൾ<br>Written By: Jasir C M (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-11 |
| 12 | റോഡ് ടാറിംഗ്- കൂടുതൽ ഗുണമുള്ളതും ചെലവ് കുറഞ്ഞതുമായ ഇനം തെരെഞ്ഞെടുത്തില്ല<br>Written By: Srijith K.V (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-12 |
| 13 | മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു.<br>Written By: Srijith K.V (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-13 |
| 14 | മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽമേലുള്ള തുടർനടപടികൾ കാര്യക്ഷമമല്ല<br>Written By: Balakrishnan K.M (Audit Officer (HG), On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-14 |
| 15 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: Srijith K.V (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-15 |
| 16 | തെരുവ് വിളക്കുകളുടെ എണ്ണത്തിൽ കൃത്യതയില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-16 |

| | | |
|---|---|---|
| 17 | റോഡ് പ്രവൃത്തികൾ പൂർണ്ണമായി ആസൂത്രണം ചെയ്യുന്നില്ല.<br>Written By: Srijith K.V (Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-17 |
| 18 | ടെർമിനേറ്റ് ചെയ്ത പ്രവൃത്തികൾ- തുടർ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച<br>Written By: Srijith K.V (Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-18 |
| 19 | എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-19 |
| 20 | നെല്ല്യാടി എടച്ചംപുറത്ത് റോഡ്- സ്ലിൽ ഓവറായി തുടരുന്നത് സംബന്ധിച്ച്.<br>Written By: Srijith K.V (Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-20 |
| 21 | സൊസൈറ്റിക്ക് പ്രൈസ് പ്രിഫറൻസ് നൽകിയത് സംബന്ധിച്ച്.<br>Written By: Srijith K.V (Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-21 |
| 22 | അഗതി ആശ്രയ പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-22 |
| 23 | പെയിൻ ആൻഡ് പാലിയേറ്റീവ് -സാന്ത്വന ചികിത്സയും പ്രഥമ ശുശ്രൂഷ പരിശീലനവും അപാകതകൾ<br>Written By: Jasir C M (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-23 |
| 24 | ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികളുടെ മോണിറ്ററിംഗിൽ വീഴ്ച.<br>Written By: Srijith K.V (Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-24 |
| 25 | രശീത് പിരിവിലെ അപാകതകൾ<br>Written By: Srijith K.V (Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-25 |
| 26 | തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ നെൽകൃഷി മേഖലയിൽ പ്രയോജനപ്പെടുത്തുന്നില്ല<br>Written By: N. Rajeevan (Senior Grade Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-26 |
| 27 | പുഴ പുറമ്പോക്കിലെ നെൽകൃഷിക്ക് ധനസഹായം നൽകുന്നതും മറ്റ് അപാകതകളും<br>Written By: N. Rajeevan (Senior Grade Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-27 |
| 28 | പ്രാദേശിക സാമ്പത്തിക വികസന മേഖലയിൽ പദ്ധതികളാവിഷ്കരിച്ചില്ല<br>Written By: N. Rajeevan (Senior Grade Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-28 |
| 29 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ പദ്ധതി - ഗുണഭോക്തൃ ലിസ്റ്റിൽ ആവശ്യത്തിന് ഗുണഭോക്താക്കൾ ഉണ്ടായിട്ടും ഫണ്ട് നഷ്ടപ്പെടുത്തി<br>Written By: N. Rajeevan (Senior Grade Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-29 |
| 30 | ബഡ്സ് സ്കൂൾ/ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചില്ല.<br>Written By: N. Rajeevan (Senior Grade Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-30 |
| 31 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ പദ്ധതിയിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-31 |
| 32 | വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ചില്ല<br>Written By: N. Rajeevan (Senior Grade Auditor, On 12-07-2022) | 1-32 |

| | | |
|---|---|---|
| | Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | |
| 33 | മൃഗസംരക്ഷണ മേഖലയിലെ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-33 |
| 34 | ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-34 |
| 35 | ഫിഷറീസ് മേഖലയിൽ പദ്ധതി നടപ്പാക്കിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-35 |
| 36 | വിദ്യാഭ്യാസ ആനുകൂല്യത്തിനായി എസ്.സി വിദ്യാർത്ഥികളോട് വരുമാന സർട്ടിഫിക്കറ്റ് വാങ്ങുന്നു<br>Written By: N. Rajeevan (Senior Grade Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-36 |
| 37 | അഗതി ആശ്രയ പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 12-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 1-37 |
| | **ഭാഗം 2** | |
| 1 | അനധികൃത നിർമ്മാണം -തുടർനടപടികൾ സ്വീകരിക്കുന്നില്ല.<br>Written By: Jasir C M (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jasir C M (Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jasir C M (Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jasir C M (Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jasir C M (Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasir C M (Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jasir C M (Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jasir C M (Auditor, On 07-07-2022) | 4-9 |

| | | |
|---|---|---|
| | Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jasir C M (Auditor, On 11-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jasir C M (Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 16-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്-തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ

19.3.2020ലെ തീരുമാനം 1/2പ്രകാരം അംഗീകരിച്ച സ്ഥാപനത്തിന്റെ വാർഷിക ബജറ്റ് പ്രകാരം ആകെ വരവ് മുന്നിരിപ്പ് ഉൾപ്പടെ 136497764/-രൂപയാണ്.ആകെ ചെലവ് 133138800/-രൂപയും നീക്കിയിരിപ്പ് 3358964/-രൂപയുമാണ്.ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് ബജറ്റ് രേഖകളും മറ്റ് പ്രസക്തമായ വിവരങ്ങളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

എ) വാർഷിക പദ്ധതിയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

BS9 പ്രകാരമുള്ള വാർഷിക പദ്ധതികൾക്കുള്ള റവന്യൂ ചെലവുകൾക്കും BS 12 പ്രകാരമുള്ള മറ്റുമൂലധന ചെലവുകൾക്കും ആകെ വകയിരുത്തിയിരിക്കുന്നത് 83310300/-രൂപയാണ്(60280300+23030000) .ഇതിൽ 47320000/-രൂപയുടെ ചെലവുകൾ വിഭാവനം ചെയ്തത് എൻ ആർ ഇ ജി എസ് പദ്ധതി തുക വകയിരുത്തിയ ദാരിദ്ര്യ ലഘൂകരണപ്രവർത്തനങ്ങൾക്കും ആസ്തി നിർമ്മാണ പ്രവർത്തനങ്ങൾങ്ങൾക്കുമാണ്.ഇവ വാർഷിക പദ്ധതിയുടെ ഭാഗമല്ല. മേൽ തുക കഴിച്ച് 35990300/-രൂപയാണ് ( 83310300-47320000) വാർഷിക പദ്ധതിയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്.എന്നാൽ 7.3.20ന് ഭരണസമിതി അംഗീകാരിച്ച വാർഷിക പദ്ധതി 47291606/-രൂപയുടേതാണ്.അതായത് 11301306/-( 47291606-35990300) രൂപയുടെ പ്രൊജക്ടുകൾ അംഗീകരിച്ചത് ബജറ്റ് പ്രൊവിഷനില്ലാതെയാണെന്ന് കാണാം.ബജറ്റ് പ്രൊവിഷനില്ലാതെ പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങി നിർവ്വഹിച്ചത് ക്രമപ്രകാരമല്ല.

സാമ്പത്തിക വർഷം ആരംഭിച്ചതിന് ശേഷം സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി ഭേദഗതി വരുത്തി അംഗീകാരം വാങ്ങിയപ്പോൾ ഇത് ഉൾക്കൊള്ളുന്ന തരത്തിൽ ബജറ്റ് പുതുക്കിയിട്ടില്ല

വർഷാവസാനമാകുമ്പോഴേക്കും വാർഷിക പദ്ധതി അടങ്കൽ 51675192/- രൂപയും Nregsആക്ഷൻ പ്ലാൻ തുക 114157000/-രൂപയുമായി മാറിയിട്ടുണ്ട്.എന്നാൽ 16.2.21ന് പുതുക്കിയ ബജറ്റിലെ BS9,BS 12 ഷെഡ്യൂളുകൾ പ്രകാരം ആകെ വകയിരുത്തിയിരിക്കുന്നത് 95072190/-രൂപയാണ്. 70760002/-രൂപയുടെ പദ്ധതികൾ ബജറ്റിന് പുറത്താണെന്ന് ഇത് കാണിക്കുന്നു.

ബി) ബജറ്റ് വകയിരുത്തലിന് ഉപരിയായി വാർഷികപദ്ധതിക്ക് തനത് ഫണ്ട് വകയിരുത്തി

7.3.20ന് ഭരണസമിതി അംഗീകരിച്ച വാർഷിക പദ്ധതിയ്ക്കായി 2852100/- രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ തനത് ഫണ്ടിൽ നിന്നും 2367300/- രൂപ മാത്രമാണ് വകയിരുത്തിയതെന്ന് ( മുന്നിരിപ്പ് ഉൾപ്പടെയുള്ള തനത് വരുമാനത്തിൽ നിന്നും നീക്കിയിരിപ്പും അനിവാര്യ റവന്യൂ ചെലവുകൾക്കും വകയിരുത്തിയ തുകകൾ കഴിച്ചുള്ളത്) പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. 16.2.21ന് ബജറ്റ് പുതുക്കിയപ്പോൾ തനത് ഫണ്ട് വകയിരുത്തൽ 19508/-രൂപയായി കുറഞ്ഞു. എന്നാൽ ഡി പി സി അംഗീകരിച്ച അന്തിമ വാർഷിക പദ്ധതി പ്രകാരം തനത് ഫണ്ട് വകയിരുത്തൽ 2104334/-രൂപയാണ്. ഇതിൽ നിന്നും 635864/-രൂപ വിനിയോഗിച്ചിട്ടുമുണ്ട്. അതായത് 2084826/-രൂപ ബജറ്റിനേക്കാൾ അധികരച്ച് വച്ചതിനൊപ്പം 616356/-രൂപയുടെ ചെലവ് ബജറ്റിന് പുറത്താണെന്നും കാണാം. ഇത് കെ എഫ് സി ആർട്ടിക്കിൾ 40(a)പ്രകാരമുള്ള ജനറൽ പ്രിൻസിപ്പിൾസിന് എതിരാണ്. സ്ഥാപനത്തെ വൻ ബാധ്യതയിലാക്കാൻ ഇത്തരത്തിലുള്ള പ്രവണത കാരണമാകാം.

സി) റവന്യൂ വരവ് ചെലവുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപടിക്രമമനുസരിച്ചല്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, 2.12.2016ലെ ജിപ ഒ ആർ ടി 3291/2016 എൽ എസ് ജി ഡി നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള ബജറ്റ് മാന്വൽ

എന്നിവ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. മാന്വൽ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ലെന്ന് ബജറ്റ് ഫയലിന്റെ അഭാവത്തിൽ വ്യക്തമാകുന്നു. കൂടാതെ,തനത് വരുമാനവും റവന്യൂ ചെലവുകളും എപ്രകാരം കണക്കാക്കി എന്ന് വ്യക്തമാക്കുന്ന വർക്കിംഗ് പേപ്പറുകൾ ബജറ്റ് ഫയലിൽ ലഭ്യമല്ല.ഇതുകൊണ്ട് തന്നെ മേല്പറഞ്ഞവ സംബന്ധിച്ച എസ്റ്റിമേറ്റ് വസ്തുതാപരമാണോയെന്ന് പരിശോധിക്കാനായിട്ടില്ല.

ഡി) എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്,വർക്ക് ഷീറ്റുകൾ,ജന്റർ ബജറ്റ്,പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്ന് കാണാം

ബജറ്റ് തയ്യാറാക്കുന്നതിൽ സംഭവിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും അടുത്ത വർഷത്തെ ബജറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-2 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7286822/- |
| വരവ് | 42290231/- |
| ആകെ | 49577053/- |
| ചെലവ് | 41331012/- |
| നീക്കിയിരിപ്പ് | 8246041/- |

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 8767024/- | 8767024/- | 8767024 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3277667/- | 3277667/- | 2658616/- | 619051/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 00 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4705000/- | 4705000/- | 4255233/- | 449767/- |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3456681/- | 3456681/- | 2826804/- | 629877/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | Tied | 0 | 3490000/- | 3490000/- | 1477345/- | 2012655/- |
| | Untied | 0 | 7277920/- | 7277920/- | 4362759/- | 2915161/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 245320/- | 449339/- | 694656/- | 636528/- | 58131/- |
| ടോട്ടൽ സാനിറ്റേഷൻ ക്യാംമ്പയിൻ | | 107201/- | 0 | 107201/- | 0 | 107201/- |
| പ്രാദേശിക വികസന ഫണ്ട്(MP Fund) | | 25155/- | 802/- | 25957/- | 0 | 25957/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| സാക്ഷരത | | 512/- | 532/- | 1004/- | 472/- | 532/- |
| ശുചിത്വമിഷൻ ഗ്രാന്റ് | | 1298679/- | 1511970/- | 2810649/- | 93668/- | 2716981/- |

## 1-4 പദ്ധതി അവലോകനം

തൻവർഷം 149 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 113പ്രൊജക്ടുകൾ നടപ്പിലാക്കി. 51675192 രൂപ വകയിരുത്തിയതിൽ 28779210 രൂപ ചെലവഴിച്ചു.വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| കൃഷി ഓഫീസർ | 15 | 14 | 2051819 |
| വെറ്ററിനറി സർജൻ | 06 | 06 | 820483 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 07 | 06 | 987927 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 03 | 02 | 116561 |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 03 | 03 | 784656 |
| വി.ഇ.ഒ | 13 | 09 | 2071236 |
| ഐ.സി.ഡി.എസ്. | 08 | 07 | 2356284 |
| സെക്രട്ടറി | 29 | 19 | 4684328 |
| അസി.എഞ്ചിനീയർ | 52 | 35 | 10363042 |
| ഡയറി | 05 | 05 | 3085000 |
| അസി.സെക്രട്ടറി | 08 | 07 | 1457874 |
| ആകെ | 149 | 113 | 28779210 |

എസ്.സി.പി ഫണ്ടിൽ മുഴവൻ തുകയും വിനിയോഗിച്ചിട്ടില്ല.ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ടിൽ 42.33% തുക മാത്രമാണ് വിനിയോഗിച്ചിരിക്കുന്നത്.ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് ഫണ്ടിന്റെ ചെലവ് 59.95% മാത്രമാണ്.വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ /ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 0 | 8767024 | 8767024 | 8767024 | 0 |
| എസ്.സി.പി | 0 | 3277667 | 3277667 | 2658616 | 619051 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 0 | 4705000 | 4705000 | 4255233 | 449767 |
| മെയിന്റനൻസ് ഗ്രാന്റ്(നോൺറോഡ്) | 0 | 3456681 | 3456681 | 2826804 | 629877 |
| സി.എഫ്.സി(ടൈഡ്) | 0 | 3490000 | 3490000 | 1477345 | 2012655 |
| സി.എഫ്.സി(അൺടൈഡ്) | 0 | 7277920 | 7277920 | 4362759 | 2915161 |
| ആകെ | 0 | 30974292 | 30974292 | 24347781 | 6626511 |

വികസന സെമിനാറിൽ അംഗീകരിക്കപ്പെട്ടതും തുടർന്ന് ഭരണസമിതി അംഗീകരിച്ചതുമായ അന്തിമ പദ്ധതി രേഖ 96പ്രൊജക്ടുകൾക്കാണ് അംഗീകാരം നൽകിയിരിക്കുന്നത്.എന്നാൽ ഡി.പി.സി അംഗീകാരത്തിനായി പ്രിന്റ് ചെയ്ത അന്തിമ പദ്ധതിരേഖയിൽ 112 പദ്ധതികൾ ഉൾപ്പെട്ടതായി കാണുന്നുണ്ട്. 16പദ്ധതികൾ അധികമായി കടന്നുവന്നിട്ടുണ്ട്. ഭരണസമിതി അംഗീകാരമില്ലാതെ അധികമായി കടന്നുവന്ന പദ്ധതികളുടെ ആധികാരികത വിശദീകരിക്കേണ്ടതാണ്. പദ്ധതി വിഹിതമായി തൻവർഷം അനുവദിച്ച തുകയിൽ 6626511രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. ലഭിച്ച പദ്ധതിവിഹിതത്തിന്റെ ചെലവ് 78.6% മാണ്. ആസൂത്രണം നടത്തി അംഗീകാരം വാങ്ങിയ പദ്ധതികൾ നിർവ്വഹിക്കാത്തതും, നിർവ്വഹിച്ച പദ്ധതികളുടെ കാര്യത്തിൽ വകയിരുത്തിയ തുക പരമാവധി വിനിയോഗിക്കാത്തതുമാണ് വലിയ തോതിൽ ഗ്രാന്റ് നഷ്ടപ്പെടാൻ കാരണമായത്. അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയല്ല പ്രൊജക്ടുകൾ തയ്യാറാക്കിയത്. സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണമാണ്. കേവലം ഡി.പി.സി അംഗീകാരം ലഭിക്കുന്നതിന് മാത്രം തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ മുൻ കാലങ്ങളിൽ ആസൂത്രണം നടത്തിയ പദ്ധതികൾ വിവരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്.

## 1-5 ആഭ്യന്തര നിയന്ത്രണം

ഓഫീസിന്റെ സുഗമമായ നടത്തിപ്പിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ആവശ്യമാണ്. ഓഫീസ് ഓർഡർ പരിശോധിച്ചതിൽ ജീവനക്കാരുടെ ജോലി വിഭജനം രേഖപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചു ചേർക്കുന്നുണ്ട്. പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ ഫയലുകൾ എന്നിവയുടെ സൂക്ഷിപ്പിൽ മേൽനോട്ടം വഹിക്കേണ്ട ഉദ്യോഗസ്ഥർ ചുമതലകളിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ജി.ഒ(ആർ.ടി)നം.1699/2017/എൽ.എസ്.ജി.ഡി തീ.24.05.2017 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് മാനേജ്മെന്റ് മാന്വലിൽ സെക്രട്ടറി,ജെ.എസ്,ഹെഡ്ക്ലർക്ക് എന്നീ ഉദ്യോഗസ്ഥരുടെ സൂപ്പർവിഷൻ ചുമതല വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവരാവകാശ രജിസ്റ്റർ,തെരുവ് വിളക്ക് രജിസ്റ്റർ,ഡെപ്പോസിറ്റ് രജിസ്റ്റർ സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ,വിവിധ പെൻഷനുകളുടെ അപേക്ഷാ രജിസ്റ്റർ തുടങ്ങിയവ പരിശോധിച്ചതിൽ മേൽ രജിസ്റ്ററുകൾ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെത്തിയിട്ടില്ല എന്ന് കണ്ടു. തെരുവ് വിളക്കുകളുടെ എണ്ണം,തരം എന്നിവ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയതായി രേഖപ്പെടുത്തിയെങ്കിലും തെരുവ് വിളക്ക് രജിസ്റ്ററിൽ മേൽ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല. ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയതായി കാണുന്നുണ്ടെങ്കിലും ഫീൽഡ് ലെവൽ പരിശോശോധന നടത്തിയതിന് രേഖകളില്ല.ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 884 കെട്ടിടങ്ങളാണുള്ളത്. ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം 192 ഉം ഇതിനായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 252 ഉം ആണ്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ഗൗരവമായ നടപടികൾസ്വീകരിക്കുന്നില്ല. 1999മുതൽ 2018-19 വരെയുള്ള റിപ്പോർട്ടുകളിലെ തടസ്സങ്ങൾക്ക് മറുപടി നൽകിയിട്ടുണ്ടെങ്കിലും ,മറുപടികളിൽ പലതും വസ്തുതാപരമല്ല. അപാകതകൾ പരിഹരിക്കാതെ നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് മറുപടി നൽകിയ കേസുകൾ കാണുന്നു.

## 1-6 ഐ എൽ ജി എം എസ് സോഫ്റ്റ് വെയർ ഉപയോഗിച്ചത്-പോരായ്മകൾ

24.9.2020 മുതൽ സ്ഥാപനത്തിൽ ഐ എൽ ജി എം എസ് സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി ഓഫീസ് പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ തുടങ്ങിയിട്ടുണ്ട്. സോഫ്റ്റ് വെയറിന്റെ കാര്യത്തിൽ പൊതുവായും സോഫ്റ്റ് വെയർ സ്ഥാപനത്തിൽ ഉപയോഗപ്പെടുത്തിയതിലും ഓഡിറ്റിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

### എ) ബേങ്ക് ബുക്കുകളിൽ ചെലവ് രേഖപ്പെടുത്തുന്നതിൽ അപാകത

പേമെന്റ് യഥാസമയം അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ലെന്ന് ബേങ്ക് ബുക്കുകൾ സാക്ഷ്യപ്പെടുത്തുന്നു.ചില തീയതികളിൽ ബേങ്ക് ബുക്കുകളിൽ രേഖപ്പെടുത്തിയ ചെലവുകൾ മുമ്പേയുള്ള തീയതിയിൽ ചെലവു ചെയ്താണെന്ന് ചെലവുമായി ബന്ധപ്പെട്ട ചെക്കിന്റ് വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നു.ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.(അക്കൗണ്ട് നം LGTSB 799013000000724)

| വൗച്ചർ നം തീയതി | ചെക്ക് നം | തുക |
|---|---|---|
| 22000225/27.2.21 | 690009/2.2.21 | 30385 |

| | | |
|---|---|---|
| 22000326/27.3.21 | 690014/12.3.21 | 655000 |

ചെലവ് നടന്നയുടനെ അത് അക്കൗണ്ട് ചെയ്യാത്തത് കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40(c)2പ്രകാരം ക്രമരഹിതമാണ് .

ബി) ക്യാഷ് അടിസ്ഥാനത്തില്ലാത്ത സാമ്പത്തിക ഇടപാടുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തപ്പെടുന്നു

ക്യാഷ് അടിസ്ഥാനത്തിലല്ലാത്ത സാമ്പത്തിക ഇടപാടുകളും സ്ഥാപനത്തിന്റെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തപ്പെടുത്തിയിട്ടുണ്ട്. ക്യാഷ് ,ചെക്ക്,ഡി ഡി എന്നിവ ലഭിക്കുമ്പോൾ വരവായും ക്യാഷ് മുഖേന തുക നൽകുമ്പോൾ ചെലവായും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തണം. മറ്റൊരു ഇടപാടും ക്യാഷ് ബുക്കിലൂടെ കടന്നുപോകാൻ പാടില്ല. എന്നാൽ സ്ഥാപനത്തിന്റെ ക്യാഷ് ബുക്കിൽ ഇ ബിൽ മുഖേന ട്രഷറിയിൽ നിന്നും പിൻവലിച്ച് നല്കിയ തുക വരാവായും ചെലവായും രേഖപ്പെടുത്തിയിട്ടുണ്ട്.

സി) ചെക്ക് ബുക്കുകൾ സ്റ്റോക്കിൽ സ്വീകരിക്കുന്നില്ല

വിവിധ ബേങ്ക് അക്കൗണ്ടുകളിൽ നിന്നും തുകകൾ പിൻവലിക്കുന്നതിന് ഇഷ്യൂ ചെയ്യുന്ന ചെക്കുകൾ സ്റ്റോക്കിലെടുത്തല്ല ഇഷ്യൂ ചെയ്യുന്നത്. ചെക്കുകൾ തീരുന്ന മുറയ്ക്ക് ചെക്ക് ബുക്കിൽ തന്നെ ലഭ്യമായ റിക്വസ്റ്റ് ഫോറം വഴി അപേക്ഷ നല്കി ചെക്ക് ബുക്കുകൾ ബേങ്കുകളിൽ നിന്നും സ്വീകരിക്കുകയാണ് ചെയ്യുന്നത്. ഇതുകൊണ്ട് തന്നെ എവിടേയും രേഖപ്പെടുത്തപ്പെടാതെയാണ് ചെക്ക് ബുക്കിന് അപേക്ഷിക്കുന്നതും അവ സ്വീകരിക്കുന്നതും. ചെക്കുബുക്കുകൾ വളരെ മൂല്യമേറിയ ഇനമായതിനാൽ വാല്യൂബിൾസിന്റെ സ്റ്റോക്കിൽ രേഖപ്പെടുത്തപ്പെടേണ്ടതായിരുന്നു. നിലവിൽ ഐ എൽ ജി എം എസിൽ ചെക്ക് ഇഷ്യൂ രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ അത്തരത്തിലുള്ള നിയന്ത്രണ സംവിധാനവും ഇല്ലെന്ന് കാണാം. നിലവിൽ ചെക്കു ബുക്കുകളിൽ കൗണ്ടർ ഫോയിലിനു പകരം ഉപയോഗിക്കുന്ന ചെക്കുകളുടെ വിശദാംശം, ഇഷ്യൂ ചെയ്യുന്ന അധികാരി മാന്വലായി, ചെക്ക് ബുക്കിൽ ഇതിനായി ലഭ്യമായ ഫോറത്തിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. എന്നാൽ ഫോറത്തില് ഈ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താതെയാണ് ചെക്കുകൾ ഇഷ്യൂ ചെയ്തിരിക്കുന്നത്. ക്രമക്കേട് സംഭവിക്കാനുള്ള സാധ്യത വളരെ കൂടുതലാണെന്ന് ചെക്കുകളുടെ പരിപാലനം കാണിക്കുന്നു. ഐ എൽ ജി എം എസിൽ ചെക്ക് ഇഷ്യൂ രജിസ്റ്റർ ലഭ്യമാക്കുക ചെക്കുകൾക്ക് അപേക്ഷിക്കുന്നതിന് പ്രത്യേക ഫയൽ സൂക്ഷിക്കുക,ലഭ്യാകുന്ന ചെക്ക് ബുക്കുകൾ ഐ എൽ ജി എം എസിൽ സ്വീകരിക്കുന്നതിനുള്ള ക്രമീകരണം വരുത്തുക എന്നിവയിലൂടെ ഇക്കാര്യത്തിലുള്ള അപായ സാധ്യത ഒഴിവാക്കേണ്ടതാണ്.

ഡി) വരവിനങ്ങൾ- സോഫ്റ്റ് വെയറിൽ ഫയലുകൾ ലഭ്യമല്ല

ഐ എൽ ജി എം എസ് പ്രകാരം ഒരു അപേക്ഷ/ആവശ്യം ഓഫീസിൽ സ്വീകരിക്കപ്പെടുമ്പോൾ അത് തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ,ആവശ്യമുണ്ടെങ്കിൽ മാത്രം കടന്നുവരുന്ന ഇനമാണ് സാമ്പത്തിക ഇടപാടുകൾ (Financial Transaction).അതായത് ഒരു ഫയലിന്റെ നടപടിക്രമങ്ങളുടെ ഭാഗം മാത്രമാണ് ഇത്. ഒരു ഫയലിന്റെ ഭാഗമായി പണം സ്വീകരിക്കേണ്ടതുണ്ടെങ്കിൽ അതിനുള്ള ഡിമാന്റ് ഉണ്ടാവുകയും ആ ഡിമാന്റിനെതിരെ തുക സ്വീകരിക്കുകയുമാണ് ചെയ്യേണ്ടത്. എന്നാൽ രശീതി വൗച്ചറുകൾ പരിശോധിച്ചതിൽ എല്ലാ വൗച്റുകളുടെ കാര്യത്തിലും വൗച്ചർ വിവരങ്ങൾ (Details Of Voucher) അല്ലാതെ ഫയലിലെ രേഖകളൊന്നും അപ് ലോഡ് ചെയ്തിട്ടില്ലെന്ന് കാണുന്നു. ഇതുകൊണ്ട് തന്നെ വരവിനങ്ങളുടെ പരിശോധന ഐ എൽ ജി എം എസിലൂടെ സാധ്യമായിട്ടില്ല. ഫയലിന്റെ അഭാവത്തിൽ കൊടുക്കുന്ന സേവനത്തിന് വേണ്ടി സ്വീകരിക്കപ്പെടുന്ന തുകയുടെ ഡിമാന്റ് മുകൾതട്ടിൽ പരിശോധിച്ച് ഉറപ്പുവരുത്താതെയാണ് തുക കൗണ്ടറിൽ ഈടാക്കുന്നതെന്നതെന്നതു കൂടി ഇവിടെ ശ്രദ്ധേയമാണ്.തൊഴിൽ നികുതി അടവ് ഉൾപ്പടെയുള്ളവയുടെ കാര്യത്തിൽ ഡിമാന്റ് ജനറേറ്റ് ചെയ്യാതെ തന്നെ തുക സ്വീകരിക്കപ്പെട്ടിട്ടുമുണ്ട്.

ഇ) ഔട്ട് ഡോർ കളക്ഷൻ -തുക കൺട്രോൾ അക്കൗണ്ടിൽ ഒടുക്കിയില്ല

മാന്വൽ രശീതി മുഖേന പിരിച്ചെടുക്കുന്ന ഔട്ട് ഡോർ കളക്ഷൻ തുക ഐ എൽ ജി എം എസിൽ ലഭ്യമായ കൺട്രോൾ അക്കൗണ്ടിലാണ് ഒടുക്കേണ്ടത് . തുടർന്ന് ഇത് ഓരോ ഡിമാന്റിന് നേരെ പോസ്റ്റ്

ചെയ്ത് (മാന്വൽ രശീതി നമ്പറിൽ തന്നെ) മാപ് ചെയ്യുകയും അതനുസരിച്ച് കൺട്രോൾ അക്കൗണ്ട് കുറഞ്ഞ് വന്ന് ശൂന്യമാകുകയും ചെയ്യുന്നു.സ്ഥാപനത്തിന്റെ കൺട്രോൾ അക്കൗണ്ട് ഹെഡ്ഡിന്റെ ലഡ്ജർ പരിശോധിച്ചതിൽ 23.3.22തീയതിയിൽ (ഈ തീയതി വരെയുള്ള വിവരങ്ങൾ മാത്രമാണ് ലഡ്ജറിൽ ലഭ്യമായത്)18891/-രൂപ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പായി കാണുന്നു. ഇത് സംഭവിച്ചത് തുകകൾ പൂർണ്ണമായും മേപ് ചെയ്യാത്തതുകൊണ്ടോ,സോഫ്റ്റ് വെയർ പ്രശ്നം മൂലമോ ആകാം.

ഐ എൽ ജി എം എസ് സോഫ്റ്റ് വെയർ ഉപയോഗത്തിലെ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു. 08.07.2022 ലെ ക്യാഷ് ബുക്ക് പ്രകാരം 2876/- രൂപ മുൻബാക്കിയായി നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-8 വാർഷിക കണക്കുകളുടെ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ, ILGMS റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2019-20 വർഷത്തെ ട്രയൽബാലൻസിന്റെ നീക്കിയിരിപ്പ് തുകയും 2020-21 വർഷത്തെ മുന്നിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാ- പഞ്ചായത്ത് ഫണ്ട്.
2. ഓഡിറ്റിന് സമർപ്പിച്ച ബാലൻസ് ഷീറ്റിലെ ബി-18 പ്രകാരമുള്ള Loans , Advances And Deposits എന്ന ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുക 573890 രൂപയാണ്. എന്നാൽ ILGMS പ്രകാരം ഇത് 1580290 ആണ്.
3. ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ ഒരൊറ്റ അക്കൗണ്ട് കോഡിൽ ക്രമീകരിച്ചതിനാൽ ബാങ്ക് അക്കൗണ്ടുകളിലെ നീക്കുപോക്കുകൾ പ്രത്യേകമായി തിരിച്ചറിയുന്നതിന് തടസ്സമാകുന്നു. ഉദാ- 450210101 എന്ന കോഡിൽ 6 അക്കൗണ്ടുകളാണ് ബുക്ക് ചെയ്തിട്ടുള്ളത്.
4. ഇൻകം & എക്സ്പെൻഡിച്ചർ ഐ-19 പ്രകാരം 6129 രൂപ Prior Period വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ലഡ്ജർ പരിശോധിച്ചതിൽ ജേണൽ എൻട്രി മുഖേനയാണ് മേൽ തുക അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്. എന്നാൽ മേൽ ജേണൽ വൗച്ചറിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
5. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഇൻകം ഓവർ എസ്സ്പെൻഡിച്ചർ കണക്കാക്കുന്നതിന് പരിഗണിച്ച Prior Period ഇനങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
6. പഞ്ചായത്ത് ഫണ്ടിന്റെ നീക്കിയിരിപ്പ് തുക കണക്കാക്കിയിരിക്കുന്നതിൽ വിത്യാസമുണ്ട്. ഓഡിറ്റിന് സമർപ്പിച്ച ബാലൻസ് ഷീറ്റിലെ ബി-1 പ്രകാരം 7223294 രൂപയും ILGMS പ്രകാരം 8229694 രൂപയുമാണ്.വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.
7. പഞ്ചായത്ത് ഫണ്ടിന്റെ നീക്കിയിരിപ്പ് കണക്കാക്കുന്നതിനായി I&E യിൽ നിന്നും എടുത്തിരിക്കുന്ന Surplus Of Income Over Expenditure ൽ ചെലവിൽ നിന്നും 8287 രൂപ Prior Period Income എന്ന നിലയിൽ കുറവ് ചെയ്തതിന് ശേഷം വീണ്ടും 6129 രൂപ I-19 ലെ Prior Period Income എന്ന് രേഖപ്പെടുത്തി 6129 രൂപ വീണ്ടും കുറവ് ചെയ്തിരിക്കുന്നു. ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം അങ്ങനെയൊരു തുക ലഭ്യമല്ല.

8. ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരമുള്ള Surplus Of Income Over Expenditure തുക അല്ല പഞ്ചായത്ത് ഫണ്ടിന്റെ നീക്കിയിരിപ്പ് കണക്കാക്കുന്നതിന് പരിഗണിച്ചിട്ടുള്ളത്.

9. ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-14(F) പ്രകാരം 1474314 എന്നുള്ളത് ILGMS ൽ 467914 ആയി വിത്യാസപ്പെട്ടിരിക്കുന്നു.

10. Closing Stock Stores എന്ന 430100103 നമ്പർ ശീർഷകത്തിൽ 21211 രൂപ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മേൽ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

11. കാഷ് ബുക്കിൽ കാഷ് അധിഷ്ഠിതമല്ലാത്ത ഇടപാടുകളും രേഖപ്പെടുത്തപ്പെടുന്നു.

12. 2020-21 വർഷത്തെ മൂലധന ചെലവുകൾ Capital Contribution എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

13. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട റേഷ്യോസ്, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലെ താരതമ്യ തുകകളും അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

14. വാർഷിക കണക്കിലെ ബി9 സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതി മുൻകൂർ ഇനത്തിൽ 220554 ബാധ്യതാ ഇനത്തിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയിൽ എത്ര രൂപ വരും വർഷങ്ങളിലേക്ക് അക്കൗണ്ട് ചെയ്യേണ്ടതാണെന്നോ, എതെല്ലാം അക്കൗണ്ടുകളിലേക്ക് ക്രമീകരിക്കേണ്ടതാണെന്നുമുള്ള വിശദാംശങ്ങൾ സ്ഥാപനത്തിൽ ലഭ്യമല്ല.

15. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

16. വാർഷിക കണക്കിലെ ബി9 സ്റ്റേറ്റ്മെന്റ് പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ, കെ.പി.ഇ.പി.എഫ് എന്നിവയുടെ ബാധ്യതാ നീക്കിയിരിപ്പും 2020 മാർച്ച് മാസത്തെ ശമ്പള ബില്ല് പ്രകാരമുള്ള ബാധ്യതാതുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

17. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ- ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമികൾ, ഘടക സ്ഥാപനങ്ങളിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ , ഫർണ്ണിച്ചറുകൾ എന്നിവ.

18. സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല.മറിച്ച് ചെലവ് നടത്തപ്പെടുന്ന സമയത്ത് മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തൽ വരുത്തുന്നത് .തൻ വർഷം പ്രവൃത്തി പൂർത്തീകരിച്ച് ആസ്തി ആർജ്ജിക്കപ്പെട്ടതും ക്യൂ ബിൽ ആയതിനാൽ അടുത്ത സാമ്പത്തിക വർഷം തുക നൽകാനുള്ളതുമായ ചെലവുകൾ വാർഷിക കണക്കിൽ ആസ്തി /ബാധ്യതാ പത്രികകളിൽ ഉൾകൊള്ളിക്കുന്നില്ല.

19. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ (റോഡുകൾ ) ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതിയുടെ ഭാഗമായി പ്രവൃത്തികൾ നടത്തുന്നതിനായി താത്കാലികമായി വിട്ടു നൽകുകയും പ്രവൃത്തി പൂർത്തീകരിച്ച് തിരികെ ലഭിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സാഹചര്യത്തിൽ ആസ്തികളുടെ മൂല്യത്തിലുള്ള വ്യതിയാനം സ്ഥാപനത്തിന്റെ കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

20. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയത് സംബന്ധിച്ച വർക്ക്ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

21. നികുതി-നികുതിയേതരമൊഴികെയുള്ള മറ്റ് വരവുകളെ സംബന്ധിക്കുന്ന രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ വരവിന്റെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

22. വസ്തുനികുതി , തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നീ ഇനങ്ങളിൽ സ്ഥാപനത്തിന് അഡ്വാൻസ് വരവുണ്ടെങ്കിലും ആയത് അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

23. ILGMS ആരംഭിച്ച 24.09.2020 തിയ്യതിയിലെ ILGMS ബാലൻസ് ഷീറ്റ് പ്രകാരം TOTAL LIABILITY

30903105 രൂപയാണ്. എന്നാൽ സാംഖ്യ ബാലൻസ് ഷീറ്റ് പ്രകാരം ഇത് 31817355.54 രൂപയാണ്.TOTAL ASSETS ഉം ഇപ്രകാരം വിത്യാസപ്പെട്ടിട്ടുണ്ട്.

24. ILGMS ആരംഭിച്ച 24.09.2020 തിയ്യതിയിലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (സാംഖ്യ ) പ്രകാരം ആകെ ചെലവ് 12217518 രൂപയാണ്. എന്നാൽ ILGMS പ്രകാരം ഇത് 12208431 രൂപ മാത്രമാണ്.

## 1-9 സംരംഭക ലൈസൻസ് അപാകതകൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2021 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 884 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 192 സ്ഥാപനങ്ങളിൽ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് കാരണം പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു.വാണിജ്യ-വ്യാവസായികവശ്യത്തിന് നമ്പർ നിർണ്ണയിച്ചിട്ടുള്ള 884 ഡിമാന്റുകൾ ഉണ്ടെന്നിരിക്കെ 251 (വേക്കൻസി റെമിഷൻ അനുവദിച്ചിട്ടില്ല) ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും അപാകത പരിഹരിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്ഥാപനം കൈക്കൊണ്ടതായി കാണുന്നില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-29/20-21തിയ്യതി-08.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 അനധികൃത നിർമ്മാണം -തുടർനടപടികൾ സ്വീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപത്തായി 3ാം വാർഡിൽ കേരള നദ്വത്തുൽ മുജാഹിദ്ദീൻ കമ്മിറ്റി, കീഴരിയൂരിന്റെ ഉടമസ്ഥതയിലുള്ള 262.24 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം 2018-ലെ അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള ചട്ടപ്രകാരം ക്രമവത്ക്കരിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു.3/336 മുതൽ 3/351 വരെ വിവിധ നമ്പറുകളിലുള്ള കെട്ടിടത്തിന്റെ നിലവിലുള്ള വിസ്തീർണ്ണം 445.92 ചതുരശ്രമീറ്ററാണ്. മേൽ കെട്ടിടത്തിന്റെ രണ്ടാം നിലയിലെ 262.24 ചതുരശ്ര മീറ്റര് അധിക നിർമ്മാണം നടത്തിയത് ക്രമവത്ക്കരിക്കുന്നതിനാണ് 23.08.2019 ലെ എ3-2349/2019 നമ്പർ അപേക്ഷ പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് കെട്ടിനിർമ്മാണ ചട്ടങ്ങൾ -2011 പ്രകാരം കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് രേഖപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 235എഎ പ്രകാരം ഒരു വ്യക്തി ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്ത തുക അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് നൽകുവാന് കെട്ടിട ഉടമ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. കേരള പഞ്ചായത്ത് രാജ് ആക്റ്റ്-സെക്ഷൻ 235എബി പ്രകാരം 2017 ജൂലൈ 31ാം തിയ്യതിയോ അതിന് മുൻപോ ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ അനധികൃതമായി കെട്ടിടനിർമ്മാണമോ, പുനർനിർമ്മാണമോ,കൂട്ടിച്ചേർക്കലോ നടത്തിയിട്ടുണ്ടെങ്കിൽ ക്രമവത്ക്കരണത്തിന് വേണ്ടി നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിലും രീതിയിലും അപേക്ഷ സമർപ്പിക്കുന്ന പക്ഷം സർക്കാരിന് നിർണ്ണയിക്കപ്പെട്ടത് പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കികൊണ്ട് അപ്രകാരമുള്ള അധിക നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കാവുന്നതാണ്.

മേൽ കെട്ടിടം ഓഡിറ്റ് തീയതിവരെയും ക്രമവത്കരിച്ചിട്ടില്ല.അനധികൃതമായി നിർമ്മിച്ച

കെട്ടിടത്തിൽ നിലവിൽ ബ്യൂട്ടി പാർലർ, ഫർണ്ണിച്ചർ ഷോപ്പ്,ക്ലിനിക്കൽ ലബോറട്ടറി എന്നിവ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് നൽകിയിട്ടുണ്ട്. കൂടാതെ ഫർണ്ണിച്ചർ ഷോപ്പിന് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്(ലൈസൻസ് നം- 55/20-21.) കെട്ടിടത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്,സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ U/A നമ്പർ നൽകി പിഴനിരക്കിൽ വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

കെട്ടിത്തിന്റെ വിസ്തീർണ്ണം-708.16 ചതുരശ്ര മീറ്റർ

കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി-50/-(ചതുരശ്ര മീറ്ററിന്)

ഇളവ്/വർദ്ധനവ്-20%(വർദ്ധനവ്)

അനധികൃത നിർണ്ണാണത്തിന് ബാധകമായ വസ്തുര നികുതി നിരക്ക് -50+2*50=150/-

വസ്തു നികുതി- 708.16x150=106224/-

വർദ്ധനവ്/ഇളവുകൾ-20% വർദ്ധനവ്-(വഴി സൗകര്യം)=21245/-

U/A നമ്പർ അനുവദിച്ച് ചുമത്തേണ്ട ആകെ വസ്തു നികുതി-127469/-

2017-18 മുതൽ 2020-21 വർഷം വരെ ബാധകമായ നികുതി-509876/-

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-2/20-21 തിയ്യതി-08.07.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ മേൽ കെട്ടിടത്തിനെതിരെ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ശുപാർശ ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് തിയ്യതിവരെയും ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിന് ശേഷവും കെട്ടിടത്തിൽ നിർമ്മാണ പ്രവൃത്തികൾ നടന്നതായും വ്യക്തമാണ്. കെട്ടിടത്തിന്റെ ഉടമക്ക് അപാകതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിന് 2019 മാർച്ചിൽ 15 ദിവസത്തെ സമയം അനുവദിച്ച് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നോട്ടീസ് സ്ഥിരപ്പെടുത്തി കെട്ടിടത്തെ അനധികൃത നിർമ്മാണമായി പരിഗണിച്ച് കേ.പ.രാ ആക്ട് 235 AA മുതൽ W വരെയുള്ള നടപടികൾ സ്വീകരിക്കുന്നതിൽ നാളിതുവരെയുള്ള സെക്രട്ടറിമാർ വീഴ്ച വരുത്തിയിട്ടുണ്ട്. ആയതിന് പുറമെ അപകടപരമായും അനധികൃതമായും നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി FTE&OS ചട്ടങ്ങൾ പ്രകാരം സെക്രട്ടറി ലൈസൻസ് അനുവദിച്ചിട്ടുമുണ്ട്. പ്രസ്തുത കെട്ടിടത്തിനെതിരെ കെ.പി.ബി.ആർ, കേരള പഞ്ചായത്ത് രാജ് നിയമം എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിലും ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതിലും സെക്രട്ടറി വരുത്തിയ വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കെട്ടിട ഉടമയിൽ നിന്നും പിഴനിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതും കെട്ടിടത്തിന്റെ യഥാർത്ഥ വിസ്തീർണ്ണം തിട്ടപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ചട്ടവിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾക്കെതിരെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 19, 20 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും, കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള തുടർ നടപടികൾ കൈക്കൊണ്ട് U/A നമ്പർ നൽകി മേൽ സൂചിപ്പിച്ച പ്രകാരം അനധികൃത നിർമ്മാണത്തിന് ബാധകമായ വസ്തു നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്.

## 1-11 തൊഴിൽ നികുതി അപാകതകൾ

### (1) രജിസ്റ്ററുകൾ തയ്യാറാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ നിന്നും വിവരങ്ങൾ ചേർത്താണ് ഇപ്രകാരം ഡിമാന്റ്

രജിസ്റ്റർ തയ്യാറാക്കേണ്ടത്.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് അപൂർണ്ണമാണ്.ഇത് കാരണം 2020-21 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല

(2)മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 884 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2020-21 വർഷത്തിൽ കീഴരിയൂർ ഗ്രാമപഞ്ചായത്തിൽ വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടില്ല. അതായത് 884 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 192 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും 180 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 251 ആണ്. അവശേഷിക്കുന്ന 633 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനില്ക്കുന്നു. പരാമർശിച്ചിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(3)മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാ ര്,ബിൽഡിംഗ് സൂപ്പർവൈസർമാർ ,തൊഴിലുറപ്പ് മെറ്റീരിയൽ വിതരണക്കാർ എന്നിവരിൽ നിന്നും തൊഴില് നികുതി ഈടാക്കിയില്ല.

ഓഡിറ്റ് വർഷം കീഴരിയൂർ ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ,ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, തൊഴിലുറപ്പ് മെറ്റീരിയൽ വിതരണക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 റോഡ് ടാറിംഗ്- കൂടുതൽ ഗുണമുള്ളതും ചെലവ് കുറഞ്ഞതുമായ ഇനം തെരെഞ്ഞെടുത്തില്ല

സ്ഥാപനത്തിൽ ഓഡിറ്റ് വർഷത്തിൽ നിർവ്വഹിക്കപ്പെട്ട റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് പൂർണ്ണമായും ഉപയോഗപ്പെടുത്തിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണ്. മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ ഒന്ന് മേൽപറഞ്ഞതും മറ്റൊന്ന് MSS(Mixed Seal Surfacing) മാണ്. ആദ്യത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനുമുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനം കൂടി നിർവ്വഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ രണ്ടാമത്തേത് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽ ചെലവേറിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ രണ്ടിനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ് കാർപ്പെറ്റും മറ്റേത് സീല് കോട്ടുമാണ്. യഥാക്രമം 153.03 രൂപയും 60.63 രൂപയും നിരക്കിൽ ഇത് രണ്ടിനം കൂടി എം സ്ക്വയർ ചെയ്യാൻ ആകെ 213.66 രൂപ ചെലവ് വരുന്നുണ്ട്. എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. ഇതിന്റെ നിരക്ക് എം സ്ക്വയറിന് (മെക്കാനിക്കൽ) 161.97/-രൂപ മാത്രമാണ്. അതായത് 20mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്ക്വയറന് 51.69 രൂപ അധിക ചെലവ് വരുന്നുണ്ടെന്ന് കാണാം.

മിക്സഡ് സീൽ സർഫസ് (MSS)എന്ന രണ്ടാമത്തെ ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവ്വഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്കണമെന്നതാണ്. (മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള

Construction Operations കാണുക) എന്നാൽ 20mm ചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്നതരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവ്വഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും അവലംബിക്കുമ്പോൾ നിർമ്മാണശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്നത (Undulations) മോർഡ് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ് ബേസ്,ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരാമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരാമാവധി ടോളറൻസ്(tolerance) കൂടിയത് + 6mmഉം കുറഞ്ഞത് -6 Mmമാണ്. അതായത് പരാമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്നത(undulations) മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാന്വൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരാമാവധി +10mmഉം -10 Mm ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന നിമ്നോന്നത(undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാന്വലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ്(tolerance) ആയ +10mmഉം -10 Mm ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്നത (Undulations) അനുവദിച്ചതിലും വളരെ കൂടുതൽ വരുന്ന അവസ്ഥാ വിശേഷമുണ്ട്.

മാന്വൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി പഞ്ചായത്തിലെ റോഡുകളിൽ അവലംബിക്കാത്തത് വിശദീകരിക്കേണ്ടതാണ്.

1-13 മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു.

മെയിന്റനൻസ് ഫണ്ട് റോഡ് നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണ സംരക്ഷണ പ്രവൃത്തികൾക്കായാണ് വിനിയോഗിക്കേണ്ടത് എന്നിരിക്കെ ഓഡിറ്റ് വർഷം മെയിന്റെനൻസ് ഗ്രാന്റ് റോഡ് നിരവധി പുതിയ റോഡുകളുടെ നിർമ്മാണങ്ങൾക്കായി വിനിയോഗിച്ചതായി കാണുന്നു. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് | ബിൽ നം. |
|---|---|---|---|
| 114/2020-21 | മീത്തലെ മാലാടി കൊളപ്പേരിതാഴ റോഡ്. | 240000 | നം.2, തിയ്യതി. 21.04.2020 |

പുതിയ റോഡ് നിർമ്മാണത്തിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയാണ് മേൽ പ്രൊജക്ടുകൾ പ്രകാരം പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച അപാകത മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണ്. മെയിന്റനൻസ് ആവശ്യമുള്ള റോഡുകൾ ഇല്ലെന്ന കാരണം രേഖപ്പെടുത്തി ഭരണ സമിതി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചിട്ടുള്ളത്. സ.ഉ.(കൈ) നം.11/തസ്വഭവ തീയതി. 29.01.2018 ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി

റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ റോഡുകളുടെയും കെട്ടിടങ്ങളുടെയും കസ്റ്റോഡിയൻ ഓഫീസറായ അസിസ്റ്റന്റ് എഞ്ചിനീയർ 2020-21 വർഷത്തിൽ ഇത്തരത്തിലൊരു മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ മെയിന്റനൻസ് ആവശ്യമുള്ള റോഡുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇല്ലെന്നത് ഭരണസമിതി ഉറപ്പ് വരുത്തിയത് ഏത് രേഖയുടെ അടിസ്ഥാനത്തിലാണെന്നത് വ്യക്തമല്ല. ഭരണസമിതി മിനുട്സ്, പരാതി , വിവരാവകാശ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും മെയിന്റനൻസ് ആവശ്യമായ റോഡുകൾ ഗ്രാമപഞ്ചായത്തിലുണ്ടായിരുന്നെന്നത് വ്യക്തമാണ്. ഉദാ- വാർഡ് നാലിലെ നടുവത്തൂർ ശിവക്ഷേത്രം-ക്വാറി റോഡ്, പൊടിയാടി റോഡ് എന്നിവ. തുടർ വർഷങ്ങളിലെ പദ്ധതികളെ സംബന്ധിച്ച് പ്രാഥമിക പരിശോധന നടത്തിയതിൽ നിന്നും റോഡ് മെയിന്റനൻസ് പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവയിൽ നിന്നും 2020-21 വർഷത്തേക്ക് ഏറ്റെടുക്കേണ്ടിയിരുന്ന റോഡ് മെയിന്റനൻസ് വർക്കുകൾ പൂർണ്ണമായും ആസൂത്രണം ചെയ്യാതെയാണ് മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ച് പുതിയ റോഡുകൾ നിർമ്മിച്ചിട്ടുള്ളതെന്ന് കാണുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. മെയിന്റനൻസ് ഗ്രാന്റ്-റോഡ് വകമാറ്റി ചെലവഴിക്കുന്നത് സംബന്ധിച്ച അപാകതകൾ മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടും അപാകത ആവർത്തിക്കുന്നത് അംഗീകരിക്കാനാവുന്നതല്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ, ഭരണസമിതി എന്നിവരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽമേലുള്ള തുടർനടപടികൾ കാര്യക്ഷമമല്ല

19.01.2022 ലെ 07/01 പഞ്ചായത്ത് തീരുമാനപ്രകാരം 08.04.22ന് 1999-2000മുതൽ 2018-19വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകൾക്ക് മറുപടി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ വിശദ പരിശോധനയിൽ മറുപടികളിൽ പലതും വസ്തുതാവിരുദ്ധവും അപാകതകൾ പരിഹരിക്കാതെയുമാണ് നൽകിയിട്ടുള്ളതെന്ന് കാണുന്നു.ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക നമ്പർ | ഖണ്ഡിക | ഗ്രാമപഞ്ചായത്ത് നൽകിയ മറുപടി | റിമാർക്സ് |
|---|---|---|---|
| 2016-17 ഖ.3-7 | ഇ-ടോയ്ലറ്റ് റിപ്പയറിന് എ.എം.സി വെച്ചില്ല. | 08.04.22ന് സെക്രട്ടറി നൽകിയ മറുപടിയിൽ2019-20വർഷം 56400 രൂപ ചെലവഴിച്ച് ഇ-ടോയ്ലറ്റിന് എ.എം.സി വെച്ചിട്ടുണ്ട്.നിലവിൽ ഇ-ടോയ്ലറ്റ് പ്രവർത്തന സജ്ജമാണ്. | ഇ-ടോയ്ലറ്റ് നിലനിന്ന സ്ഥലത്ത് 135/21-22 നമ്പർ പ്രകാരം പബ്ലിക് ടോയ്ലറ്റ് നിർമാണം എന്ന പ്രൊജക്ട് നടപ്പാക്കുന്നതിനായി ഇ-ടോയ്ലറ്റ് നിലവിൽ പൊളിച്ച് മാറ്റിയതായി കാണുന്നു. |
| 2017-18 ഖ.2-1 | പഞ്ചായത്ത് ഓഫീസിന് സമീപം | നടപടി സ്വീകരിച്ച് വരുന്നു. | നടപടി സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | അനധികൃത കെട്ടിട നിർമാണം-തുടർ നടപടി സ്വീകരിച്ചില്ല. | | |
| 2017-18 ഖ.3-5 | തെരുവ് വിളക്ക് റിപ്പയർ-പദ്ധതി നിർവഹണത്തിലെ അപാകതകൾ | സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. വാങ്ങി സ്ഥാപിച്ച വിളക്കുകളുടെ എണ്ണവുമായി പൊരുത്തപ്പെടുന്നില്ല. | സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കിയിട്ടില്ല. വാങ്ങി സ്ഥാപിച്ച വിളക്കുകളുടെ എണ്ണവുമായി സംയുക്ത പരിശോധന റിപ്പോർട്ടിലെ വിവരങ്ങൾപൊരുത്തപ്പെടുന്നില്ല. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/20-21)മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-15 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ പ്രോജക്ട്നം. 154/20-21 ൽ, സിമന്റ് കോൺക്രീറ്റ് പേവ്മെന്റായാണ് നിർമ്മിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്യുന്നതിന് പരിഗണിച്ചിട്ടുള്ള ഇനം റോഡ് കോൺക്രീറ്റിംഗിന് അനുയോജ്യമല്ല. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻേഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6 ൽ കോൺക്രീറ്റ് പേവ്മെന്റിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവർത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mm-ൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1 ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു.

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് .

## 1-16 തെരുവ് വിളക്കുകളുടെ എണ്ണത്തിൽ കൃത്യതയില്ല

വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് തൻവർഷം 3 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ - 107/21 | പ്രൊജക്ട് നമ്പർ -33/21 | പ്രൊജക്ട് നമ്പർ -129/21 |
| ചെലവ് - 532000 (എസ്.ഒ) | ചെലവ് - 240000 | ചെലവ് - 102000 |
| നിർവ്വഹണം - സെക്രട്ടറി | നിർവ്വഹണം- സെക്രട്ടറി | നിർവ്വഹണം- എ.എസ് |
| വിളക്കുകളുടെ എണ്ണം - 235 | വിളക്കുകളുടെ എണ്ണം -100 | വിളക്കുകളുടെ എണ്ണം -51 |

532000രൂപ ധനകാര്യകമ്മീഷൻഗ്രാന്റ്,40000രൂപ വികസനഫണ്ട്,102000രൂപ എസ്.സി.പി ഫണ്ട് എന്നിവ ഉപയോഗിച്ച് കെൽട്രോണിൽ നിന്നാണ് വിളക്കുകൾ വാങ്ങിയിട്ടുള്ളത്. വാട്ട് ഓട്ടോ ഓൺ ഓഫ് 255എണ്ണം വിളക്കുകൾ,18വാട്ട് നോർമൽ വിളക്കുകൾ 131ണ്ണം എന്നിവയടക്കം ആകെ 386 വിളക്കുകൾ ,നബന്ധ ഫിറ്റിംഗ് ഉപകരണങ്ങൾ,ഇൻസ്റ്റലേഷൻചാർജ് എന്നിവയുടെ വിലയാണ് കെൽട്രോണിന് കൈമാറിയിട്ടുള്ളത്. 18വാട്ട് ഓട്ടോ ഓൺ ഓഫ് വിളക്കിന് 2400രൂപ വീതവും 18വാട്ട് നോർമൽ വിളക്കിന് 2000രൂപ നിരക്കിലുമാണ് വില.പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(1) തെരുവ് വിളക്കുകളുടെ രജിസ്റ്റർ പരിശോധിച്ചതിൽ വിളക്കുകളുടെ ആകെ എണ്ണം ,തരം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.രജിസ്റ്റർ മേലുദ്യോഗസ്ഥരാരും പരിശോധിച്ചതായി കാണുന്നില്ല. നിലാവ് പദ്ധതിയുടെ ഭാഗമായി 05/2021ൽ കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തിയതായും റിപ്പോർട്ട് ഇമെയിലിൽ ലഭിച്ചതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചതിൽ മേപ്പയ്യൂർ സെക്ഷനിൽ 32 വിളക്കുകളും കീഴരിയൂർ സെക്ഷനിൽ 321 വിളക്കുകളും ഉൾപ്പെടെ ആകെ 351 വിളക്കുകളാണുള്ളത്. ഇതിൽ 309 എൽ.ഇ.ഡി വിളക്കുകളും 44 മറ്റുള്ളവ എന്നുമാണ് കെ.എസ്.ഇ.ബി സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2020-21ൽ മാത്രം മേൽപ്പറഞ്ഞവിധം 386 എൽ.ഇ.ഡി തെരുവ് വിളക്കുകൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചതിന് 874000 രൂപ ചെലവഴിച്ചിട്ടുണ്ട്. 2018-19 വർഷം പ്രൊജക്ട് നമ്പർ 84പ്രകാരം എസ്.സി.കോളനികളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ എന്ന പദ്ധതിക്ക് എസ്.സി.പി ഫണ്ടിൽ നിന്ന് 704589 രൂപ ചെലവഴിച്ചിട്ടുണ്ട്. സംയുക്ത പരിശോധനാ റിപ്പോർട്ടും സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണവും തമ്മിൽ വൻ അന്തരമുണ്ട് എന്ന് മേൽപ്പറഞ്ഞ കാര്യങ്ങൾ വ്യക്തമാക്കുന്നു.

(2) നിലാവ് പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടർക്ക് 23.02.21 ന് അയച്ച കത്തിൽ ,സംയുക്ത പരിശോധന റിപ്പോർട്ട് പ്രകാരവും സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരവും ആകെ 489 എണ്ണം വിളക്കുകളാണ് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് പഞ്ചായത്ത് സൂക്ഷിക്കുന്ന രജിസ്റ്ററുകളിലെ വിവരങ്ങളും ഫയലുകളിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

(3) തൻവർഷം സ്ഥാപിച്ച 386 എൽ.ഇ.ഡി വിളക്കുകളിൽ മുൻവർഷങ്ങളിൽ സ്ഥാപിച്ച എൽ.ഇ.ഡി സെറ്റുകളിൽ വിളക്കുകൾ മാത്രം മാറ്റിയത് എത്രയെന്നും പുതുതായി എൽ.ഇ.ഡി സെറ്റുകൾ സ്ഥാപിച്ചതെത്രയെന്നുമുള്ള കണക്കുകൾ ഫയലിലില്ല. ബൾബ്,ഫിറ്റിംഗ് ഉപകരണങ്ങൾ ,ഫിറ്റിംഗ് ചാർജ് എന്നിവയുടെ വിലയാണ് കെൽട്രോണിൽ ഒടുക്കിയിട്ടുള്ളത്. ബൾബ് മാത്രം മാറ്റി സ്ഥാപിക്കുന്നതിനും പുതുതായി എൽ.ഇ.ഡി സെറ്റ് സ്ഥാപിക്കുന്നതിനും ഒരേ നിരക്ക് ആവശ്യമില്ല. ഇക്കാര്യം പരിശോധിച്ച് അധികം നൽകിയ തുക കെൽട്രോണിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

(4) മാറ്റി സ്ഥാപിച്ചതിന്റെ ഭാഗമായി തിരികെ ലഭിച്ച കേടായ ബൾബുകളും ഉപകരണങ്ങളും തിട്ടപ്പെടുത്തി സ്റ്റോക്കിലെടുത്തിട്ടില്ല. ഇത് ലേലം ചെയ്ത് കയ്യൊഴിയാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. ഉപയോഗ ശൂന്യമായ ആസ്തികൾ കയ്യൊഴിയാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/20-21)മറുപടി നൽകിയിട്ടില്ല.

അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. തൻവർഷത്തെ 874000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-17 റോഡ് പ്രവൃത്തികൾ പൂർണ്ണമായി ആസൂത്രണം ചെയ്യുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ നിന്നും ആസ്തി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ പ്രവൃത്തികൾ മുഴുവനായി ഉൾക്കൊള്ളിച്ച് സമഗ്രമായ പദ്ധതി തയ്യാറാക്കാതെ ഭാഗികമായി നിർവ്വഹിക്കുന്ന സ്ഥിതിവിശേഷം നിലവിലുള്ളതായി കാണുന്നു. രണ്ട് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. കാര്യാത്ത് എടോത്ത് റോഡ് പുനരുദ്ധാരണം.

2019-20 വർഷത്തിൽ ആസൂത്രണം ചെയ്തിട്ടുള്ളതും 2020-21 വർഷത്തിൽ സ്പിൽ ഓവറായി തുടർന്നതുമായ മേൽ പദ്ധതി പ്രകാരം 15 മീറ്ററിൽ കോൺക്രീറ്റിംഗിന് പദ്ധതി തയ്യാറാക്കി നിർവ്വഹണം നടത്തിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം റോഡിന്റെ ബാക്കി ഭാഗം മൺറോഡാണ്. റോഡ് നിർമ്മാണ പ്രവൃത്തി പൂർണ്ണമായും ഉൾപ്പെടുത്താതെ പദ്ധതി ആസൂത്രണം ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2. ചെറുമണലിൽ കുഴിപ്പടന്നയിൽ ഹരിജൻ കോളനി റോഡ്.

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം റോഡിന്റെ ആകെ നീളം 439 മീറ്ററാണ്. ആയതിൽ 279 മീറ്റർ നിലവിൽ കോൺക്രീറ്റ് ചെയ്തതും മേൽ പദ്ധതി പ്രകാരം ആകെ 65 മീറ്ററിലാണ് കോൺക്രീറ്റ് വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. ഇപ്രകാരം 344 മീറ്റർ മാത്രമെ ഗതാഗത യോഗ്യമാക്കിയിട്ടുള്ളൂ. 95 മീറ്റർ ഗതാഗതയോഗ്യമാക്കിയിട്ടില്ലാത്തതിനാൽ ആസ്തി പൂർണ്ണമായും ഉപയോഗയോഗ്യമാക്കുന്നതിന് സാധിച്ചിട്ടില്ല.

പദ്ധതികൾ സമഗ്രമായി ആസൂത്രണം ചെയ്യാതെ വാർഡ് തലത്തിൽ ഫണ്ട് വിഭജിച്ച്, ലഭ്യമാവുന്ന ഫണ്ടിനനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ് അപാകതക്ക് കാരണമാവുന്നത്. ആസ്തികൾ പൂർണ്ണമായും സൃഷ്ടിക്കപ്പെടുന്ന വിധത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-18 ടെർമിനേറ്റ് ചെയ്ത പ്രവൃത്തികൾ- തുടർ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികളിൽ താഴെ പറയുന്ന പ്രവൃത്തികൾ പ്രവൃത്തി പൂർത്തീകരിക്കുന്നതിലും ആരംഭിക്കുന്നതിലും കാലതാമസം വരുത്തിയതിനാൽ ടെർമിനേറ്റ് ചെയ്യുന്നതിന് 21.07.2020 തിയ്യതിയിലെ 10/1, 13/1 നമ്പർ തീരുമാന പ്രകാരം ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കരാറുകാർക്കെതിരെ തുടർ നടപടി സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിലും പൂർത്തീകരിക്കുന്നതിലുമുണ്ടായ കാലതാമസം മൂലം താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരെയാണ് ഗ്രാമപഞ്ചായത്ത് ടെർമിനേറ്റ് ചെയ്തിട്ടുള്ളത്.

1. അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം(120/20-21)
2. പരുത്തിക്കുഴി കോളനി നടപ്പാത
3. അങ്കണവാടി റിപ്പയർ (121/20-21)

2012 ലെ പി.ഡബ്ല്യു.ഡി റിവൈസ്ഡ് മാന്വൽ 2116-1 മുതൽ 2116.2.1 വരെയുള്ള ഭാഗത്ത് കരാറുകാരെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള വ്യവസ്ഥകളും ഈടാക്കേണ്ട പിഴയെ സംബന്ധിച്ചും വ്യക്തമാക്കിയിട്ടുണ്ട്. കരാറുകാരെ ടെർമിനേറ്റ് ചെയ്യുന്നതിന് തീരുമാനമെടുത്ത് രണ്ട് വർഷത്തോളമായിട്ടും ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിലും കരാറുകാരെ

കരിമ്പട്ടികയിൽപെടുത്തുന്നതിലും പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്.

അങ്കണവാടി ചുറ്റമതിൽ നിർമ്മാണം(120/20-21) പദ്ധതിയുടെ കരാറുകാരായ മാത്തുംഭാഗം ലേബർ കോൺട്രാക്ട് സൊസൈറ്റിയിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| PAC | 446000 |
| കരാറുകാരൻ പൂർത്തീകരിച്ച പ്രവൃത്തിയുടെ മൂല്യം | 79282 |
| പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തിയുടെ 30%- (30% Of 366718) | 110015 |
| കാലതാമസത്തിനുള്ള പിഴ- പരമാവധി (3%) | 13380 |
| ആകെ | 123395 |
| കരാറുകാരൻ പൂർത്തീകരിച്ച പ്രവൃത്തിയുടെ മൂല്യം | -79282 |
| അടവാക്കേണ്ട പിഴ | 44113 |

ഭരണസമിതി കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് തീരുമാനമെടുത്ത മേൽ മൂന്ന് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഓഡിറ്റ് തിയ്യതിവരെയും ഗ്രാമപഞ്ചായത്ത് നഷ്ടതുക ഈടാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതും മേൽ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-19 എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ

എം ജി എൻ ആർ ഇ ജി എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ നിർവ്വഹിക്കപ്പെട്ട പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തികളുടെ ടെണ്ടർ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്താണ് നൽകിയതെന്ന് കാണുന്നു. ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും കാണുന്നു. മൊത്തം 23 റോഡ് പ്രവൃത്തികൾ ഈ വർഷം നിർവ്വഹണം നടത്തിയിട്ടുണ്ട്. മുഴുവൻ പ്രവൃത്തികൾക്കും മെറ്റീരിയൽ സംഭരിച്ചത് ഒരു കരാറുകാരനിൽ നിന്നാണ്

മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ച കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ച കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട

പദ്ധതികളുടെ മുൻഗണനന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞടുക്കുന്നതിന്, അവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഓഡിറ്റ് വർഷം പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തിട്ടില്ല. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ശരിയായ നടപടിയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ചത് ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/20-21/8.7.22) മറുപടി നൽകിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി അഴിമതി രഹിതമായും കാര്യക്ഷമമായും നടക്കുന്നുവെന്നുറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-20 നെല്ല്യാടി എടച്ചംപുറത്ത് റോഡ്- സ്പിൽ ഓവറായി തുടരുന്നത് സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ ആസൂത്രണം ചെയ്തതും 2019 മാർച്ച് മാസത്തിൽ പാർട്ട്ബിൽ നൽകിയതുമായ നെല്ല്യാടി എടച്ചംപുറത്ത് റോഡ് റീ ടാറിംഗ് എന്ന പദ്ധതി 2019-20 മുതൽ സ്പിൽ ഓവറായി തുടർന്ന് വരുന്നുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിനുള്ള ഇനം മാത്രമെ ചെയ്യാൻ അവശേഷിക്കുന്നുള്ളൂ. എന്നാൽ ഓഡിറ്റ് തിയ്യതിവരെയും മേൽ പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. കരാർ കാലാവധി കഴിഞ്ഞിട്ടും പദ്ധതി സ്പിൽഓവറായി തുടരുന്നതിന്റെയും പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെയും കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ഐറിഷ് ഡ്രെയിൻ നിർമ്മിക്കാനുള്ള പ്രവൃത്തി മാത്രമെ അവശേഷിക്കുന്നുള്ളൂ എന്നും ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിയുടെ അളവ്പുസ്തകം പരിശോധിച്ചതിൽ നിന്നും എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത മൂന്ന് മീറ്റർ കാര്യേജ് വേയ്ക്ക് പകരം ആയതിൽ കുറഞ്ഞ അളവിലും കൂടിയ അളവിലും ടാറിംഗ് ചെയ്തിട്ടുണ്ട്. ഇരു വശത്തും 50 സെന്റിമീറ്റർ വീതിയിലാണ് ഐറിഷ് ഡ്രെയിൻ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ മൂന്ന് മീറ്ററിൽ താഴെ മാത്രം കാര്യേജ് വേ ഉള്ള റോഡിൽ ഒരു മീറ്ററിൽ ഐറിഷ് ഡ്രെയിൻ പ്രായോഗികമാകുന്നതെങ്ങനെയെന്ന് വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 സൊസൈറ്റിക്ക് പ്രൈസ് പ്രിഫറൻസ് നൽകിയത് സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ താഴെപറയുന്ന പദ്ധതികളിൽ രാവറ്റമംഗലം ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപറേറ്റീവ് സൊസൈറ്റിക്ക് പ്രൈസ് പ്രിഫറൻസ് അനുവദിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | രാവറ്റമംഗലം ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപറേറ്റീവ് സൊസൈറ്റി ക്വാട്ട് ചെയ്ത തുക | കുറഞ്ഞതുക ക്വാട്ട് ചെയ്ത കരാറുകാരന്റെ പേര് , തുക വിവരം | വ്യത്യാസം |
|---|---|---|---|---|
| 1 | കാളിക്കാട്ട് മുക്ക്-ഇ.കെ ശ്രീധരൻ സ്മാരക വായനശാല. | 428852.17 (12% ജി.എസ്.ടി ഒഴികെ) | നിർജാസ്, 400907.25 | 27944.92 |
| 2 | പുതിയ തൃക്കോവിൽ റോഡ് | 826513.8 (12% ജി.എസ്.ടി ഒഴികെ) | രജിലേഷ്, 760019.86 | 66493.94 |
| 3 | മതുമ്മൽ റോഡ് ( CMLRRP) | 86958.84 8 (12% ജി.എസ്.ടി ഒഴികെ) | ദിനേശൻ.എം., 859898.34 | 27060.5 |
| 4 | പുതിയ തൃക്കോവിൽ ചിറ്റാരിനട റോഡ് പ്രവൃത്തി. | 566349.24 (12% ജി.എസ്.ടി ഒഴികെ) | പ്രകാശൻ.പി.കെ 528972.77 | 37376.47 |

മേൽ പ്രവൃത്തികൾക്ക് പ്രൈസ് പ്രിഫറൻസ് അനുവദിച്ച് കൊണ്ടുള്ള ഭരണസമിതി തീരുമാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രൈസ് പ്രിഫറൻസ് നൽകാൻ തീരുമാനിച്ചു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

താരതമ്യേന കുറഞ്ഞ തനത് വരുമാന സ്രോതസ്സുകൾ മാത്രമുള്ളതും പദ്ധതി പ്രവർത്തനങ്ങൾക്കായി കുറഞ്ഞ ഗ്രാന്റ്-ഫണ്ട് ലഭ്യമാവുന്നതുമായ ഗ്രാമപഞ്ചായത്ത് മേൽ സൊസൈറ്റിക്ക് പ്രൈസ് പ്രിഫറൻസ് അനുവദിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടായിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ രാവറ്റമംഗലം ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപറേറ്റീവ് സൊസൈറ്റിക്ക് പുറമെ ടെണ്ടർ നടപടികളിൽ പങ്കെടുത്ത മറ്റ് നാല് ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപറേറ്റീവ് സൊസൈറ്റിക്കും ഗ്രാമപഞ്ചായത്ത് പ്രൈസ് പ്രിഫറൻസ് നൽകിയിട്ടില്ല. മേൽ സൊസൈറ്റിക്ക് നൽകാത്ത ആനുകൂല്യം RLCCS ന് മാത്രം നൽകിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

പുതിയ തൃക്കോവിൽ ചിറ്റാരിനട റോഡ് പ്രവൃത്തിയുടെ ടെണ്ടറിൽ RLCCS നേക്കാൾ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അരിക്കുളം ലേബർ കോൺട്രാക്ട് & കൺസ്ട്രക്ഷൻ കോ-ഓപറേറ്റീവ് സൊസൈറ്റിക്ക് (535202 രൂപ ) പ്രൈസ് പ്രിഫറൻസ് നൽകാതെയാണ് രാവറ്റമംഗലം ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപറേറ്റീവ് സൊസൈറ്റിക്ക് പ്രൈസ് പ്രിഫറൻസ് നൽകിയിട്ടുള്ളത്.

11.08.2017 ലെ സ.ഉ(സാധാ).നം. 2780/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം സൊസൈറ്റികളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായും തൊഴിലാളികളുടെ താത്പര്യം സംരക്ഷിക്കുന്നതിനുമായി ഏറ്റവും ഒടുവിലത്തെ മൂന്ന് വർഷത്തിൽ ഒരു കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച സി ക്ലാസ് ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് പ്രൈസ് പ്രിഫറൻസ് നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ടെണ്ടറിൽ പങ്കെടുത്ത മറ്റ് നാല് ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്കും പ്രസ്തുത ആനുകൂല്യം അനുവദിച്ചിട്ടില്ല. രാവറ്റമംഗലം ലേബർ കോൺട്രാക്ടേഴ്സ് കോ-

ഓപറേറ്റീവ് സൊസൈറ്റി ഏറ്റെടുത്ത പ്രവൃത്തികൾ കരാർ കാലാവധിക്കകം പൂർത്തീകരിക്കുന്നതിലും വീഴ്ച വരുത്തുകയും ചെയ്തിട്ടുണ്ട് . പ്രൈസ് പ്രിഫറൻസ് അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പരിഗണിച്ച ഘടകങ്ങൾ വ്യക്തമാക്കുന്നതിനും മറ്റ് സൊസൈറ്റികൾക്ക് മേൽ ആനുകൂല്യം അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 അഗതി ആശ്രയ പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തിയില്ല

ഗ്രാമപഞ്ചായത്തിൽ അഗതികളുടെ പുനരധിവാസത്തിനായി 2006-09 വർഷം മുതൽ ആശ്രയ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഇതുവരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | അഗതി ആശ്രയ (2006-2009) | 69 | 4230000 | 1585088 |
| 2 | അഗതി ആശ്രയ,റീവിസിറ്റ് (2009-2012) | 65 | 2486920 | 1053610 |
| 3 | അഗതി ആശ്രയ തുടർസേവനം (2012-15) | 55 | 4796100 | 1444898 |
| 4 | രണ്ടാം ഘട്ടം (2014-2017) | 57 | 4759980 | 2295141 |

പദ്ധതിക്ക് വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചതായി കാണുന്നില്ല. മേൽ സൂചിപ്പിച്ച പദ്ധതികളിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും പാക്കേജിൽ പരാമർശിച്ചിരിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആശ്രയ ഗുണഭോക്താക്കൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നത് രേഖപ്പെടുത്തുന്നതിന് സൂക്ഷിക്കേണ്ട മോണിറ്ററിംഗ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ ഓരോ ഘട്ടത്തിലും എത്ര തുക ചെലവഴിച്ചു എന്നതിന് കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. അതുകൊണ്ട് തന്നെ ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ സൂചിപ്പിച്ച എല്ലാ ആനുകൂല്യങ്ങളും ലഭിച്ചോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

നിലവിൽ അഗതിരഹിത കേരളം എന്ന പദ്ധതിയാണ് നടപ്പാക്കി വരുന്നത്. ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചത് 2019-20 സാമ്പത്തിക വർഷത്തിലാണ്. ഇതിൽ ആകെ 115 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇതിൽ 19 ഗുണഭോക്താക്കൾ മരണപ്പെട്ടു. മരണപ്പെട്ടവർക്ക് സേവനപക്കേജിൽ ഉൾപ്പെട്ട ആനുകൂല്യങ്ങൾ ലഭിച്ചോ എന്ന് വ്യക്തമല്ല. പദ്ധതിക്കായി ലഭിച്ച ചാലഞ്ച് ഫണ്ട് 2022 ഏപ്രിൽ മാസത്തോടുകൂടി തീർന്നു. ഇതിന് ശേഷം ഗുണഭോക്താക്കൾക്ക് ഭക്ഷ്യകിറ്റ് നൽകാൻ സാധിച്ചിട്ടില്ല. തനത് ഫണ്ട് വകയിരുത്തി ഭക്ഷ്യകിറ്റ് നൽകുന്നതിനുള്ള നടപടികൾ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല. മാത്രമല്ല അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ അഗതി ആശ്രയ പദ്ധതിക്ക് (പ്രോജക്ട് നം.) വകയിരുത്തിയ ഒരു ലക്ഷം രൂപ ചെലവഴിക്കാതെ നഷ്ടപ്പെട്ടു. ഈ കാര്യത്തിൽ സി.ഡി.എസ്സിന്റെ ഭാഗത്തുനിന്ന് ആവശ്യമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല.

മുൻ വർഷങ്ങളിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത ഗുണഭോക്താക്കൾ നിലവിലെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ആശ്രയ പദ്ധതിയുടെ നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു ഉപസമിതി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/21 /8.7.22) മറുപടി നൽകിയിട്ടില്ല. മുൻ വർഷങ്ങളിൽ നടപ്പാക്കിയ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ആനുകൂല്യം ലഭിക്കാത്ത അർഹരായ ഗുണഭോക്താക്കൾ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും. പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും പ്രൊജക്റ്റിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-23 പെയിൻ ആൻഡ് പാലിയേറ്റീവ് -സാന്ത്വന ചികിത്സയും പ്രഥമ ശുശ്രൂഷ പരിശീലനവും അപാകതകൾ

1.മാനേജ്‌മെന്റ് കമ്മറ്റി യോഗങ്ങൾ ചേരുന്നില്ല

പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനായി സ. ഉ (സാധാ) നം. 553/2019/ത.സ്വ.ഭ.വ. തിയ്യതി 07.03.2019 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖ. 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷത്തിന് മുൻപും ഒരു പാലിയേറ്റീവ് കെയർ മാനേജ്‌മെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതും ആയത് രണ്ടു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യാനുസരണം യോഗം ചേരേണ്ടതുമാണ്. ഇതിൽ ഓരോ മാസത്തെ വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ – പി.എച്ച്.സി) അവതരിപ്പിക്കേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്‌മെന്റ് കമ്മറ്റി അത് അംഗീകരിക്കേണ്ടതുമാണ്. പാലിയേറ്റീവ് കെയർ മാനേജ്‌മെന്റ് കമ്മറ്റി 2020-21 വർഷത്തിൽ ഒരു തവണ മാത്രമാണ് യോഗം ചേർന്നത്(07.07.2020). രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരണമെന്നനിർദ്ദേശം പാലിക്കുകയുണ്ടായിട്ടില്ല.

2.കുടുംബസംഗമം നടത്തിയില്ല .

പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനായി സ.ഉ(സാധാ) നം.553/2019/തസ്വഭവ തിയ്യതി 07.03.2019 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖ 2.4.6 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികളുടെയും കുടുബാംഗങ്ങളുടെയും ഒത്തുചേരൽ തദ്ദേശസ്ഥാപനം /സബ്സെന്റർ/വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്. ഇങ്ങനെയുള്ള ഒത്തുചേരൽ രോഗികൾക്കും കുടുംബാംഗങ്ങൾക്കും അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരസ്പരം പങ്ക് വെക്കുന്നതിനും ആയവ തരണം ചെയ്യുന്നതിനുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും ഉപകരിക്കുന്നതാണ്.എന്നാൽ ഇപ്രകാരം പാലിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെട്ട രോഗികളുടെ കുടുംബസംഗമം 2020-21 വർഷം നടത്തിയിട്ടില്ല. കൂടാതെ മേൽ ഉത്തരവിലെ ഖ.4.1 പ്രകാരം തദ്ദേശസ്ഥാപന പരിധിയിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തിട്ടുള്ള സന്നദ്ധ സംഘടനകളേയും ഈ രംഗത്ത് പ്രവർത്തിച്ച് വരുന്നതോ ആയ സന്നദ്ധ സംഘടനകളേയും സന്നദ്ധ പ്രവർത്തകരേയും തദ്ദേശ സ്ഥാപനം നടപ്പിലാക്കുന്ന പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ ശ്രമിക്കേണ്ടതാണ്.ഇപ്രകാരം സന്നദ്ധ പ്രവർത്തകരെ /സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് സ്ഥാപനം ശ്രമം നടത്തിയിട്ടില്ല.

3.മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല .

അടങ്കൽ-581000/(വികസനഫണ്ട് ജനറല്- 534923/-, തനത് ഫണ്ട്-46077/-)

ചെലവ്-531258/-

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി രോഗികൾക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി 115920/-രൂപ (BRN-20160752026001084343/15.02.2021) NEFT ആയി 15.02.2021 തിയ്യതിയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെ 25377/- രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ കൂടി ലഭിക്കുന്നതിന് അവശേഷിക്കുന്നുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-28/20-21 തിയ്യതി-08.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികളുടെ മോണിറ്ററിംഗിൽ വീഴ്ച.

ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലുണ്ടായ വീഴ്ച സംബന്ധിച്ച് ഈ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ മേഖലയിൽ സ്ഥാപനം നടപ്പാക്കിയ

പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിൽ വർക്കിംഗ് ഗ്രൂപ്പ് ചുമതലാപരമായ പങ്ക് വഹിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. വീഴ്ച പദ്ധതികൾ പുനരുജ്ജീവിപ്പിച്ച് മേഖലയുടെ വികസനം സാധ്യമാക്കുന്നതിന് തടസ്സമായിട്ടുണ്ട്.

താഴെപറയുന്ന സ്വയംതൊഴിൽ പദ്ധതികളുടെ തത്സ്ഥിതി വിവര വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

1. പേപ്പർ കപ്പ് നിർമ്മാണ യൂണിറ്റ്.
2. വനിതാ ഫോട്ടോസ്റ്റാറ്റ് ഡി.ടി.പി സെന്റർ
3. അവിൽ നിർമ്മാണ യൂണിറ്റ്.
4. വസ്ത്ര നിർമ്മാണ യൂണിറ്റ്.

സംസ്ഥാന സർക്കാരിന്റെ വ്യവസായ സൗഹൃദ നയത്തിനനുസൃതമായി മേഖലയിൽ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിലും മുൻ വർഷങ്ങളിൽ ആരംഭിച്ച പദ്ധതികളുടെ മോണിറ്ററിംഗിലും ഗ്രാമപഞ്ചായത്ത് ചുമതലാപരമായ പങ്ക് വഹിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. മേൽ പദ്ധതികൾ പ്രകാരം പഞ്ചായത്ത് ഫണ്ടുപയോഗിച്ച് സബ്സിഡി നൽകി ആരംഭിച്ച മേൽ പദ്ധതികൾ നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന് സെക്രട്ടറി സ്വപ്നകുമാർ.കെ.പി എന്നവരുടെ 312/2020 നമ്പറായുള്ള വിവരാവകാശ അപേക്ഷയുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിക്കപ്പെട്ട സബ്സിഡി ഉപയോഗപ്പെടുത്തി സൃഷ്ടിക്കപ്പെട്ട മേൽ പദ്ധതികളുടെ യന്ത്രങ്ങൾ ഉൾപ്പെടെയുള്ള ആസ്തികൾ ഉപയോഗിക്കാതെ നശിക്കുകയാണെന്നത് വ്യക്തമാണ്. പദ്ധതികൾ പുനരുജ്ജീവിപ്പിച്ച് ഉണഭോക്താക്കളുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും ചെറുകിട വ്യവസായ മേഖലയിൽ ഗ്രാമപഞ്ചായത്തിൽ നിയമം മുഖേന നിക്ഷിപ്തമായ ചുമതല നിർവ്വഹിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ വാർഡ് 12 ൽ സ്ഥാപിച്ച വനിതാ വ്യവസായ കേന്ദ്രം കെട്ടിടം ഉപയോഗപ്പെടുത്തുന്നതിലുള്ള വീഴ്ച മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണ്. മേൽ കെട്ടിടം ഉപയോഗപ്പെടുത്തി ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതും മേൽ പരാമർശിച്ച പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 രശീത് പിരിവിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിൽ ഉപയോഗപ്പെടുത്തിയ മാന്വൽ രശീതുകൾ മുഖേനയുള്ള പിരിവിന്റെ മോണിറ്ററിംഗിൽ മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡബിൾസൈഡ് കാർബൺ ഉപയോഗിക്കാതെ രശീത് ഉപയോഗിക്കുന്നു. കൃഷി ഓഫീസർ ഉപയോഗിച്ച 9057 മുതൽ 9059 വരെയുള്ള ബുക്കുകൾ.
2. 9053/75 മുതൽ 77 വരെയുള്ള രശീതുകൾ ILGMS ൽ തെറ്റായി ചേർത്തിരിക്കുന്നു.
3. Certificate Of Count എഴുതുമ്പോൾ മുൻകൂറായി റദ്ദ് ചെയ്ത രശീതുകളുടെ വിശദാംശം രേഖപ്പെടുത്തുന്നില്ല. ഉദാ- 9053 നമ്പർ രശീത് ബുക്ക്, കൃഷി ഓഫീസർ ഉപയോഗിച്ച 9057 മുതൽ 9059 വരെയുള്ള ബുക്കുകൾ.

ഗ്രാമപഞ്ചായത്ത് ക്ലർക്ക് ആയ ഫരീദ എന്നവർ ഔട്ട് ഡോർ പിരിവിനായി ഉപയോഗിച്ച 9053/75 മുതൽ 77 വരെയുള്ള രശീതുകൾ ILGMS ൽ രശീത് നമ്പർ തെറ്റായിട്ടാണ് പോസ്റ്റ് ചെയ്തിട്ടുള്ളത്. ഇത് മൂലം ഡിമാന്റ് രജിസ്റ്ററിൽ തെറ്റായ പോസ്റ്റിംഗ് നടക്കുകയും ചെയ്തു. ക്ലർക്കിന്റെ ലോഗിനിൽ നിന്നുള്ള പോസ്റ്റിംഗുകൾ യാതൊരു തലത്തിലുള്ള വെരിഫിക്കേഷനോ അപ്രൂവലോ ഇല്ലാതെ നേരിട്ട്

അക്കൗണ്ടിലും ഡിമാന്റുകളിലും പ്രതിഫലിക്കുന്ന രീതിയിലാണ് ILGMS പ്രവർത്തിക്കുന്നത്. അപാകത സോഫ്റ്റ്‌വെയർ നിർമ്മാതാക്കളുടെ ശ്രദ്ധയിൽപെടുത്തേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകി ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ നെൽകൃഷി മേഖലയിൽ പ്രയോജനപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. സ.ഉ(കൈ) നം.22/2018/തസ്വഭവ.തി.14.07.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.6.1.6ൽ നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. നെൽകൃഷിയുടെ കൂലിച്ചെലവ് വളരെയധികം വർധിച്ചതിനാൽ കർഷകർ പലരും നെൽകൃഷിയിൽ നിന്ന് പിന്മാറുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഇതിന് ഒരു പരിഹാരമായിരുന്നു തൊഴിലുറപ്പ് പദ്ധതിയിലെ ഈ ആനുകൂല്യം.എന്നാൽ നം.ഡി.ഡി2/334/2019/തി.10.10.2019 പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മപദ്ധതിയുടെ രൂപീകരണം സംബന്ധിച്ച ഇറക്കിയ ഉത്തരവ് ഖ.3.3.1ൽ തൊഴിലുറപ്പ് പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമി തരിശ് ഭൂമി/ പാഴ് ഭൂമി ആണെന്ന ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നെൽ കൃഷി ചെയ്യുന്ന ഭൂമിയുടെ കാര്യത്തിൽ കൃഷി ഓഫീസർ തരിശ് ഭൂമിയാണെന്ന് സാക്ഷ്യപത്രം നൽകിയാൽ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ തുടർ നടപടികൾ സ്വീകരിക്കുകയുള്ളൂ. ഗ്രാമ പഞ്ചായത്തിലെ നെൽവയലുകളിൽ എല്ലാ വർഷവും കൃഷി ചെയ്യുന്നതിനാൽ തരിശു ഭൂമിയാണെന്ന് കൃഷി ഓഫീസർ സാക്ഷ്യ പത്രം നൽകുന്നില്ല. അതുകൊണ്ട് തന്നെ ഫലത്തിൽ കർഷകർക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ഗുണം ലഭിക്കാത്ത സാഹചര്യമാണുള്ളത്. സർക്കാർ ഉത്തരവുകളിലെ അവ്യക്തതകാരണം കർഷകർക്ക് ആനുകൂല്യം നഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് ഭരണസമിതിയുടെ ഭാഗത്തുനിന്ന് ഇടപെടൽ ഉണ്ടായിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/20-21/8.7.22) മറുപടി നൽകിയിട്ടില്ല. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 പുഴ പുറമ്പോക്കിലെ നെൽകൃഷിക്ക് ധനസഹായം നൽകുന്നതും മറ്റ് അപാകതകളും

ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ ചെറുപുഴ പാടശേഖരത്തിൽ ഏകദേശം 25 ഏക്കർ സ്ഥലത്ത് അമ്പതോളം കർഷകർ നെൽകൃഷി ചെയ്ത് വരുന്നുണ്ട്. ഈ കർഷകർക്ക് കൃഷി ചെയ്യുന്ന ഭൂമിയിൽ അവകാശമില്ല. നികുതി ശീട്ട്,കൈവശാവകാശ രേഖ എന്നിവ ഹാജരാക്കാതെയാണ് ഇവർക്ക് നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി ഇനത്തിൽ ധനസഹായം നൽകി വരുന്നത്. ഓഡിറ്റ് വർഷം ഈ പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾച്ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം. | 44/21 |
| അടങ്കൽ | 380800/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 380002/- |

| | |
|---|---|
| ബിൽനം. തി. | 22/21/24.3.21 |

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218(1) മുതൽ 218(4) വരെയുള്ള വകുപ്പുകൾ പ്രകാരം പുഴ പുറമ്പോക്ക് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിൽ വരുന്നതാണ്. എന്നാൽ ഈ സ്ഥലം ഇപ്പോൾ സ്വകാര്യ വ്യക്തികളുടെ കൈവശമാണുള്ളത്. റവന്യൂ വകുപ്പിന്റ സഹായത്തോടെ ഇത് അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. മാത്രമല്ല 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ.2-5 ൽ ഗ്രാമ പഞ്ചായത്തിന്റെ അതിരുകളിലൂടെ ഒഴുകുന്ന അകാലപ്പുഴയിലെ തുരുത്തുകളിൽ സ്വകാര്യ വ്യക്തികൾ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/21/8.7.22) മറുപടി നൽകിയിട്ടില്ല. പുറമ്പോക്ക് ഭൂമി അന്യാധീനപ്പെടാതെ സംരക്ഷിക്കുന്നതിന് റവന്യൂ വകുപ്പിന്റെ സഹായത്തോടെ ആവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-28 പ്രാദേശിക സാമ്പത്തിക വികസന മേഖലയിൽ പദ്ധതികളാവിഷ്കരിച്ചില്ല

ഓഡിറ്റ് വർഷം ചെറുകിട – പരമ്പരാഗത തൊഴിൽ മേഖലകളിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ദാരിദ്ര്യലഘൂകരണം ലക്ഷ്യമാക്കി ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, കുടുംബശ്രീ സംഘടനാ സംവിധാനം എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടപ്പാക്കാമായിരുന്ന ഇത്തരം പദ്ധതികൾ മേൽ സംവിധാനങ്ങളുടെ ജാഗ്രതക്കുറവ് കാരണം നടപ്പാക്കാൻ സാധിച്ചില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 (1)ാം ഉപവകുപ്പ് 3ാം പട്ടിക സി. പ്രകാരം ദരിദ്രരെ കണ്ടെത്തി, പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയം തൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെടുന്നതാണ്. ഓഡിറ്റ് വർഷം ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് വിവിധ പദ്ധതികളുടെ പ്രപ്പോസലുകൾ തയ്യാറാക്കിയിരുന്നെങ്കിലും ഇതെല്ലാം നടപ്പാക്കാതെ പോവുകയാണുണ്ടായത്. ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള ചുമതല നിറവേറ്റുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെടാനുണ്ടായ സാഹചര്യം വിശദീകരിക്കാവാവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (നം.9/20-21/8.7.22) മറുപടി നൽകിയിട്ടില്ല. പദ്ധതികൾ മുൻകൂട്ടി കണ്ടെത്തി ഗ്രൂപ്പുകൾക്ക് ആവശ്യമായ ട്രെയിനിംഗ് നൽകി ബേങ്ക് ലോൺ, സബ്സിഡി എന്നിവ ലഭ്യമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളിലെ ജാഗ്രതക്കുറവാണ് ഈ മേഖലയിൽ പദ്ധതികൾ നടക്കാതെ പോയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കി അറിയിക്കേണ്ടതാണ്.

### 1-29 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ പദ്ധതി - ഗുണഭോക്തൃ ലിസ്റ്റിൽ ആവശ്യത്തിന് ഗുണഭോക്താക്കൾ ഉണ്ടായിട്ടും ഫണ്ട് നഷ്ടപ്പെടുത്തി

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം. | 4/21 |
| അടങ്കൽ | 227030/- |

| | |
|---|---|
| ഫണ്ട് | വികസനം (SCP) |
| ചെലവ് | 163374/- |
| ബിൽനം. തി. | 8/21/30.10.20 |

പട്ടികജാതി വകുപ്പ് /ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾ എന്നീ സ്രോതസ്സുകളിൽ നിന്ന് ഇതേ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്നതിനാവശ്യമായ സാക്ഷ്യപത്രം ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റിൽ 37 പേർ ഉൾപ്പെട്ടിട്ടും ആറ് പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്. ഇതിനാൽ എസ്.സി വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ടിയിരുന്ന ഫണ്ട് നഷ്ടമായി. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/21 /8.7.22) മറുപടി നൽകിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിൽ ഇത് സംബന്ധിച്ച് ചർച്ച നടന്നിട്ടില്ല. എസ്.സി ഫണ്ട് നഷ്ടപ്പെടുത്തിയ വിഷയത്തിൽ തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 1-30 ബഡ്സ് സ്കൂൾ/ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചില്ല.

സ.ഉ (കൈ) നം.22/2018/ തസ്വഭവ തി.14.2.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ 7.1.8 ൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ ബഡ്സ് സ്കൂൾ / ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഇത്തരം സ്ഥാപനങ്ങൾ തുടങ്ങിയിട്ടില്ല.നിലവിൽ ഗ്രാമ പഞ്ചായത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന 25 കുട്ടികൾ ഉള്ളതായി ഐ.സി.ഡി.എസ് സൂപ്പർവൈസർ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. ഇവരുടെ ശാരീരിക - മാനസിക വികാസത്തിനും, വൊക്കേഷണൽ ട്രെയിനിങ്ങിനും ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും, സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗ്രാമ പഞ്ചായത്തുകൾക്ക് ഉത്തരവാദിത്തമുണ്ട്. എന്നാൽ ഇത് നിർവ്വഹിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/21-8.7.22) മറുപടി നൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ ബഡ്സ് സ്ഥാപനം തുടങ്ങുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

## 1-31 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ പദ്ധതിയിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നം. | 148/21 |
| അടങ്കൽ | 100000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 98000/- |

| | |
|---|---|
| ബിൽനം. തി. | 4/21/19.8.2 |

ഗ്രാമപഞ്ചായത്തിലെ ശ്രവണവൈകല്യം ഉള്ളവരെ കണ്ടെത്തി, അവർക്ക് ശ്രവണ സഹായി നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. ഇതിനായി മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടുണ്ട്. ശ്രവണ സഹായികൾ വാങ്ങിയത് കെൽട്രോണിൽ നിന്ന് നേരിട്ടാണ്. 01.06.2019ലെ ജി.ഒ (ആർ.ടി) നം.15/2019 എസ്.പി.ഡി ഉത്തരവ് പ്രകാരം അതി ഗുരുതര ശ്രവണവൈകല്യമുള്ളവർക്ക് ശ്രവണസഹായികൾ കെൽട്രോണിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. എന്നാൽ ഇത് സംബന്ധിച്ച് സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഒരു ശ്രവണ സഹായിക്ക് നൽകാവുന്ന വില 6500/- രൂപയാണ്. ഇത് പ്രകാരം ആകെ നൽകാവുന്ന തുക 45500/-രൂപയാണ്. എന്നാൽ ഇതിനായി 98000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 49000/- രൂപയുടെ ബിൽ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. ശ്രവണസഹായികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാകക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/21/8.7.21) മറുപടി നൽകിയിട്ടില്ല. പദ്ധതിക്കായി ചെലവഴിച്ച 98000/- രൂപ തടസ്സത്തിൽ വെക്കുന്നു

## 1-32 വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ചില്ല

സ.ഉ (കൈ) നം.11/2018/തസ്വഭവ. തി.29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.6-3 ൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി തയ്യാറാക്കേണ്ടതും, അതിനനുസൃതമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഇങ്ങനെ ഒരു പദ്ധതി തയ്യാറാക്കിയിട്ടില്ല. സ്ത്രീകളുടെ സുരക്ഷ, സാമ്പത്തിക സ്വാശ്രയത്വം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് വനിതകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/20-21/10.6.22) മറുപടി നൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ വനിതകളുടെ ക്ഷേമത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് അറിയിക്കേണ്ടതാണ്.

## 1-33 മൃഗസംരക്ഷണ മേഖലയിലെ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം 6 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ മൃഗസംരക്ഷണമേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് ഗുണകരമാകുന്നതും അവരുടെ വരുമാന വർദ്ധനവ്/തൊഴിൽ എന്നിവയുടെ അഭിവൃദ്ധി ലക്ഷ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. 300000/- രൂപ അടങ്കലിൽ മുട്ടഗ്രാമം പദ്ധതി മാത്രമാണ് കർഷകർക്ക് വേണ്ടി നടപ്പിലാക്കിയിട്ടുള്ളത്. ബാക്കി പദ്ധതികളെല്ലാം തന്നെ വെറ്റിനറി ഡിസ്പെൻസറിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ്. കോവിഡ് കാലത്ത് നിരവധി തൊഴിൽ മേഖലകൾ ഇല്ലാതാകുന്ന അവസ്ഥയിൽ ഒരുപാടു പേർ മൃഗസംരക്ഷണ മേഖലയിലേക്ക് കടന്ന് വരുന്നുണ്ട്. എന്നാൽ ഇവരുടെ മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്താനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല. 8.01.2020 ന് നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ നിരവധി പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടെങ്കിലും ഇവയൊന്നും തന്നെ ഫലപ്രാപ്തിയിലെത്തിയതായി കാണുന്നില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/20-21/8.7.22) മറുപടി നൽകിയിട്ടില്ല. മൃഗസംരക്ഷണ മേഖലയിൽ വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിച്ച് അറിയിക്കേണ്ടതാണ്.

## 1-34 ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിലെ അപാകതകൾ

സ.ഉ (സാധാ) നം. 2420/തസ്വഭവ/തി.15.07.2017 ഉത്തരവ് പ്രകാരം ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണപ്രവർത്തനങ്ങൾക്കായി രൂപീകരിച്ച ഹരിത

കർമ്മസേനയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. എം.സി.എഫ് കേന്ദ്രങ്ങൾ സ്ഥാപിച്ചില്ല

പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ശേഖരിച്ച് വേർതിരിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ എം.സി.എഫ് കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടില്ല. ഇവിടെ ഹരിതകർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല. നിലവിൽ ഹരിത കർമ്മ സേന കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നില്ല

2. രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ അപാകത

ദിവസേനയുള്ള കളക്ഷന് വേണ്ടി ഉപയോഗിക്കുന്ന രശീതി ബുക്കുകൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. സ്റ്റോക്കിൽ എടുക്കാതെയാണ് രശീതി ബുക്കുകൾ ഹരിത കർമ്മസേനാംഗങ്ങൾക്ക് വിതരണം ചെയ്തിരിക്കുന്നത്. ഹരിത കർമ്മസേനയുടെ ക്യാഷ് ബുക്ക് എഴുതി പൂർത്തിയാക്കിയിട്ടില്ല.

3.കൺസോർഷ്യം രൂപീകരിച്ചില്ല.

മാലിന്യസംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഗ്രൂപ്പുകളുടെ കോ-ഓർഡിനേഷൻ സാധ്യമാക്കുന്നതിലേക്കായി കൺസോർഷ്യം രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നതായി കാണുന്നില്ല. നിലവിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം 3 മാസങ്ങൾ കൂടുമ്പോൾ മാത്രമാണ് നടക്കുന്നത്.കൂടാതെ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതായി കാണുന്നില്ല.17.05.2022 ൽ നടന്ന ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നൽകുന്നതിൽ വിമുഖത കാണിക്കുന്ന വീട്ടുകാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ചെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല

ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളിലെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/20-21 /8/7/22) മറുപടി നൽകിയിട്ടില്ല.ഹരിത കർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമാക്കി മാനിന്യമുക്തപഞ്ചായത്ത് എന്ന ലക്ഷ്യം നേടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-35 ഫിഷറീസ് മേഖലയിൽ പദ്ധതി നടപ്പാക്കിയില്ല

കോവിഡ് കാലത്തെ സാമൂഹിക-സാമ്പത്തിക വെല്ലുവിളികളെ നേരിടുന്നതിനും ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയും സർക്കാർ ആവിഷ്കരിച്ച സുഭിക്ഷ കേരളം പദ്ധതിയുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. എന്നാൽ ഓഡിറ്റ് വർഷം ഈ മേഖലയിൽ പദ്ധതികൾ നടപ്പാക്കിയതായി കാണുന്നില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് പ്രകാരമുള്ള 3-ാം പട്ടികയിൽ മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലയിൽ കുളത്തിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മീൻവളർത്തലും സമുദ്രവിഭവ വികസനവും നടപ്പാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ മുൻകാലങ്ങളിലൊന്നും തന്നെ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല. മേൽ വീഴ്ചകൾ മത്സ്യബന്ധന മേഖലയുടെ വികസനത്തിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കാത്തതിനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/20-21/8.7.22) മറുപടി നൽകിയിട്ടില്ല. മത്സ്യ മേഖലയിൽ പദ്ധതികൾ നടപ്പാക്കി അറിയിക്കേണ്ടതാണ്.

1-36 വിദ്യാഭ്യാസ ആനുകൂല്യത്തിനായി എസ്.സി വിദ്യാർത്ഥികളോട് വരുമാന സർട്ടിഫിക്കറ്റ് വാങ്ങുന്നു

എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്റ്റ് നം. | 1/21 |
| അടങ്കൽ | 500000/- |
| ഫണ്ട് | വികസനം (SCP) |
| ചെലവ് | 375000/- |
| ബിൽനം. തി. | 6/21/30.10.20 |

എസ്.സി വിഭാഗത്തിലെ 30 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിനാണ് ഈ പദ്ധതി നടപ്പാക്കിയത്. സ.ഉ (കൈ) നം.22/2018/ തസ്വഭവ.തി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.7.2.10 ൽ എസ്.സി.വിഭാഗം ഗുണഭോക്താക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് വരുമാന പരിധി ബാധകമല്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ സ്കോളർഷിപ്പ് ആനുകൂല്യം നൽകിയ മുഴുവൻ ഗുണഭോക്താക്കളിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പദ്ധതി നിർദ്ദേശം മറികടന്ന് ഗുണഭോക്താക്കളിൽ നിന്ന് അനാവശ്യമായി രേഖകൾ ആവശ്യപ്പെടുന്നത് ശരിയായ നടപടിയല്ല. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/21/8.7.22) മറുപടി നൽകിയിട്ടില്ല. എസ്.സി.വിദ്യാർത്ഥികളിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് വാങ്ങുന്ന വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-37 അഗതി ആശ്രയ പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തിയില്ല

ഗ്രാമപഞ്ചായത്തിൽ അഗതികളുടെ പുനരധിവാസത്തിനായി 2006-09 വർഷം മുതൽ ആശ്രയ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഇതുവരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | അഗതി ആശ്രയ (2006-2009) | 69 | 4230000 | 1585088 |
| 2 | അഗതി ആശ്രയ,റീവിസിറ്റ് (2009-2012) | 65 | 2486920 | 1053610 |
| 3 | അഗതി ആശ്രയ തുടർസേവനം (2012-15) | 55 | 4796100 | 1444898 |
| 4 | രണ്ടാം ഘട്ടം (2014-2017) | 57 | 4759980 | 2295141 |

പദ്ധതിക്ക് വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചതായി കാണുന്നില്ല. മേൽ സൂചിപ്പിച്ച പദ്ധതികളിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും പാക്കേജിൽ പരാമർശിച്ചിരിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആശ്രയ ഗുണഭോക്താക്കൾക്ക് വിവിധ ആനുകൂല്യങ്ങൾ

നൽകുന്നത് രേഖപ്പെടുത്തുന്നതിന് സൂക്ഷിക്കേണ്ട മോണിറ്ററിംഗ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ ഓരോ ഘട്ടത്തിലും എത്ര തുക ചെലവഴിച്ചു എന്നതിന് കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. അതുകൊണ്ട് തന്നെ ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ സൂചിപ്പിച്ച എല്ലാ ആനുകൂല്യങ്ങളും ലഭിച്ചോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

നിലവിൽ അഗതിരഹിത കേരളം എന്ന പദ്ധതിയാണ് നടപ്പാക്കി വരുന്നത്. ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചത് 2019-20 സാമ്പത്തിക വർഷത്തിലാണ്. ഇതിൽ ആകെ 115 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇതിൽ 19 ഗുണഭോക്താക്കൾ മരണപ്പെട്ടു. മരണപ്പെട്ടവർക്ക് സേവനപക്കേജിൽ ഉൾപ്പെട്ട ആനുകൂല്യങ്ങൾ ലഭിച്ചോ എന്ന് വ്യക്തമല്ല. പദ്ധതിക്കായി ലഭിച്ച ചാലഞ്ച് ഫണ്ട് 2022 ഏപ്രിൽ മാസത്തോടുകൂടി തീർന്നു. ഇതിന് ശേഷം ഗുണഭോക്താക്കൾക്ക് ഭക്ഷ്യകിറ്റ് നൽകാൻ സാധിച്ചിട്ടില്ല. തനത് ഫണ്ട് വകയിരുത്തി ഭക്ഷ്യകിറ്റ് നൽകുന്നതിനുള്ള നടപടികൾ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല. മാത്രമല്ല അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ അഗതി ആശ്രയ പദ്ധതിക്ക് (പ്രോജക്ട് നം.) വകയിരുത്തിയ ഒരു ലക്ഷം രൂപ ചെലവഴിക്കാതെ നഷ്ടപ്പെട്ടു. ഈ കാര്യത്തിൽ സി.ഡി.എസ്സിന്റെ ഭാഗത്തുനിന്ന് ആവശ്യമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല.

മുൻ വർഷങ്ങളിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത ഗുണഭോക്താക്കൾ നിലവിലെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ആശ്രയ പദ്ധതിയുടെ നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു ഉപസമിതി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/21/8.7.22) മറുപടി നൽകിയിട്ടില്ല. മുൻ വർഷങ്ങളിൽ നടപ്പാക്കിയ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ആനുകൂല്യം ലഭിക്കാത്ത അർഹരായ ഗുണഭോക്താക്കൾ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും. പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും പ്രൊജക്ടിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 അനധികൃത നിർമ്മാണം -തുടർനടപടികൾ സ്വീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപത്തായി 3ാം വാർഡിൽ കേരള നദ്‌വത്തുൽ മുജാഹിദ്ദീൻ കമ്മിറ്റി, കീഴരിയൂരിന്റെ ഉടമസ്ഥതയിലുള്ള 262.24 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം 2018-ലെ അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള ചട്ടപ്രകാരം ക്രമവത്ക്കരിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു.3/336 മുതൽ 3/351 വരെ വിവിധ നമ്പറുകളിലുള്ള കെട്ടിടത്തിന്റെ നിലവിലുള്ള വിസ്തീർണ്ണം 445.92 ചതുരശ്രമീറ്ററാണ്. മേൽ കെട്ടിടത്തിന്റെ രണ്ടാം നിലയിലെ 262.24 ചതുരശ്ര മീറ്റര് അധിക നിർമ്മാണം നടത്തിയത് ക്രമവത്ക്കരിക്കുന്നതിനാണ് 23.08.2019 ലെ എ3-2349/2019 നമ്പർ അപേക്ഷ പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് കെട്ടിനിർമ്മാണ ചട്ടങ്ങൾ -2011 പ്രകാരം കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് രേഖപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235എഎ പ്രകാരം ഒരു വ്യക്തി ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്ത തുക അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്

നൽകുവാന് കെട്ടിട ഉടമ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട്-സെക്ഷൻ 235എബി പ്രകാരം 2017 ജൂലൈ 31ാം തിയ്യതിയോ അതിന് മുൻപോ ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ അനധികൃതമായി കെട്ടിടനിർമ്മാണമോ, പുനർനിർമ്മാണമോ,കൂട്ടിച്ചേർക്കലോ നടത്തിയിട്ടുണ്ടെങ്കിൽ ക്രമവത്ക്കരണത്തിന് വേണ്ടി നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിലും രീതിയിലും അപേക്ഷ സമർപ്പിക്കുന്ന പക്ഷം സർക്കാരിന് നിർണ്ണയിക്കപ്പെട്ടത് പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കികൊണ്ട് അപ്രകാരമുള്ള അധിക നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കാവുന്നതാണ്.

മേൽ കെട്ടിടം ഓഡിറ്റ് തീയതിവരെയും ക്രമവത്കരിച്ചിട്ടില്ല.അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിൽ നിലവിൽ ബ്യൂട്ടി പാർലർ, ഫർണ്ണിച്ചർ ഷോപ്പ്,ക്ലിനിക്കൽ ലബോറട്ടറി എന്നിവ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് നൽകിയിട്ടുണ്ട്. കൂടാതെ ഫർണ്ണിച്ചർ ഷോപ്പിന് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്(ലൈസൻസ് നം- 55/20-21.) കെട്ടിടത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്,സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ U/A നമ്പർ നൽകി പിഴനിരക്കിൽ വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

കെട്ടിത്തിന്റെ വിസ്തീർണ്ണം-708.16 ചതുരശ്ര മീറ്റർ

കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി-50/-(ചതുരശ്ര മീറ്ററിന്)

ഇളവ്/വർദ്ധനവ്-20%(വർദ്ധനവ്)

അനധികൃത നിർണ്ണാണത്തിന് ബാധകമായ വസ്തുര നികുതി നിരക്ക് -50+2*50=150/-

വസ്തു നികുതി- 708.16x150=106224/-

വർദ്ധനവ്/ഇളവുകൾ-20% വർദ്ധനവ്-(വഴി സൗകര്യം)=21245/-

U/A നമ്പർ അനുവദിച്ച് ചുമത്തേണ്ട ആകെ വസ്തു നികുതി-127469/-

2017-18 മുതൽ 2020-21 വർഷം വരെ ബാധകമായ നികുതി-509876/-

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-2/20-21 തിയ്യതി-08.07.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ മേൽ കെട്ടിടത്തിനെതിരെ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ശുപാർശ ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് തിയ്യതിവരെയും ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിന് ശേഷവും കെട്ടിടത്തിൽ നിർമ്മാണ പ്രവൃത്തികൾ നടന്നതായും വ്യക്തമാണ്. കെട്ടിടത്തിന്റെ ഉടമക്ക് അപാകതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിന് 2019 മാർച്ചിൽ 15 ദിവസത്തെ സമയം അനുവദിച്ച് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നോട്ടീസ് സ്ഥിരപ്പെടുത്തി കെട്ടിടത്തെ അനധികൃത നിർമ്മാണമായി പരിഗണിച്ച് കേ.പ.രാ ആക്ട് 235 AA മുതൽ W വരെയുള്ള നടപടികൾ സ്വീകരിക്കുന്നതിൽ നാളിതുവരെയുള്ള സെക്രട്ടറിമാർ വീഴ്ച വരുത്തിയിട്ടുണ്ട്. ആയതിന് പുറമെ അപകടപരമായും അനധികൃതമായും നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി FTE&OS ചട്ടങ്ങൾ പ്രകാരം സെക്രട്ടറി ലൈസൻസ് അനുവദിച്ചിട്ടുമുണ്ട്. പ്രസ്തുത കെട്ടിടത്തിനെതിരെ കെ.പി.ബി.ആർ, കേരള പഞ്ചായത്ത് രാജ് നിയമം എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിലും ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതിലും സെക്രട്ടറി വരുത്തിയ വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കെട്ടിട ഉടമയിൽ നിന്നും പിഴനിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതും കെട്ടിടത്തിന്റെ യഥാർത്ഥ വിസ്തീർണ്ണം തിട്ടപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ചട്ടവിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾക്കെതിരെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 19, 20 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും, കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള തുടർ നടപടികൾ കൈക്കൊണ്ട് U/A നമ്പർ നൽകി മേൽ സൂചിപ്പിച്ച പ്രകാരം

അനധികൃത നിർമ്മാണത്തിന് ബാധകമായ വസ്തു നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 30.06.2021മുതൽ 08.07.2022വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് കോഴിക്കോട് | 2020-21 | 4800/- | 79/20-21.പച്ചക്കറി സ്വയം പര്യാപ്ത ഗ്രാമം | 4800/- | 0 |
| | 2020-21 | 120000/- | 110/20-21.നെൽകൃഷി പ്രോത്സാഹന പദ്ധതി(സ്പിൽ ഓവർ) | 120000/- | 0 |
| | 2020-21 | 120000/- | 44/20-21.നെൽകൃഷി പ്രോത്സാഹന പദ്ധതി | 120000/- | 0 |
| | 2020-21 | 1500000/- | 25/20-21.മുട്ട ഗ്രാമം പദ്ധതി | 150000/- | ം |
| | 2020-21 | 107025/- | 10/20-21.ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 107025/- | 0 |
| | 2020-21 | 200000/- | 50/20-21.ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 200000/- | 0 |
| | 2020-21 | 390000/- | 113/20-21.ക്ഷീരഗ്രാമം വനിത (സ്പിൽ ഓവർ) | 390000/- | 0 |
| | 2020-21 | 240000/- | 66/2020-21.ക്ഷീരഗ്രാമം (വനിത) | 240000/- | 0 |
| ബ്ലോക്ക് | 2020-21 | 100000/- | 132/20-21.ഇടവിള കൂലിച്ചെലവ്(കിഴങ്ങ് | 100000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | വർഗ്ഗം) | | |
| | 2020-21 | 4000/- | 79/20-21.പച്ചക്കറി സ്വയം പര്യാപ്ത ഗ്രാമം | 4000/- | 0 |
| | 2020-21 | 100000/- | 44/20-21. നെൽകൃഷി പ്രോത്സാഹന പദ്ധതി | 100000/- | 0 |
| | 2020-21 | 180000/- | 126/20-21ലൈഫ് ഭവനപദ്ധതി(സ്പിൽ ഓവർ) | 180000/- | 0 |
| പഞ്ചായത്ത് -മേലടി | 2020-21 | 107025/- | 10/20-21.ശാരീരിക-മാനസിക വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് | 107025/- | 0 |
| | 2020-21 | 200000/- | 50/20-21.ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 200000/- | 0 |
| | 2020-21 | 250000/- | 56/20-21.ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്(വനിത) | 250000/- | 0 |
| | 2020-21 | 20000/- | 84/20-21.കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 20000/- | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി വായ്പ | സ.ഉ. (എം എസ്) നം 68/2018 /ത.സ്വ ഭ വ തിയതി 18-05-2018 | | 10621190/- | 848627/- | | 9772563/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 27(a) | 2003-04 (പൊതുപരാമർശം) | 11.13.7.7 | നികുതി പിരിവിൽ അലംഭാവം | |
| 1999-00 | | 2003-04 | 11.14 | ഭവനനിർമമാണം പട്ടികജാതി | |
| | | 2012-13 | 3.4.5.19 | തൊഴിലുറപ്പ് പദ്ധതി രജിസ്ട്രേഷൻ കാർഡ് വിതരണം | |
| | | | 3.4.5 | തൊഴിലിന് അപേക്ഷിക്കൽ- തൊഴിൽ ലഭ്യമാക്കൽ- MNREGS | |
| | | | 3.4.5.3 | ഗ്രാമസഭകളുടെ പ്രവർത്തനം | |
| | | | 3.4.5.10 | വേതന വിതരണത്തിലെ കാലതാമസം | |
| | | | 3.4.5.17 | തൊഴിലുറപ്പ് പദ്ധതി പ്രകാരം തസ്തികകൾ സൃഷ്ടിച്ചില്ല. | |
| | | | 3.4.5.13 | ജാഗ്രത മേൽനോട്ട കമ്മിറ്റി തൃപ്തികരമല്ല | |
| | | 2014-15(അവലോകനം) | 4.3.2 | 60 വയസ്സ് പൂർത്തിയാകാത്തവർക്ക് പെൻഷൻ | |
| 2019-20 | 1-17,1-18 | 2020-21 | അനുബന്ധം-2-1.59 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി ) | |
| 2019-20 | 1-7-1 | 2020-21 | അനുബന്ധം-1-1 | പെൻഷൻ അപേക്ഷകൾ | |
| 2019-20 | 1-15 | 2020-21 | അനുബന്ധം- | മെഡിക്കൽ | |

| | | | | | |
|---|---|---|---|---|---|
| | | | 1-15 | ഓഫീസർ(ഹോമിയോ) | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42290231 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41331012 |
| വരവിനങ്ങളിലുള്ള നഷ്ടം | 509876/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 972000/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 509876/- | | (1)ശ്രീ.റഫീഖ് സി.കെ സെക്രട്ടറി<br>(2)ശ്രീ.അൻസാർ കെ. സെക്രട്ടറി |
| 1-16 | | 874000/- | ശ്രീ.അൻസാർ കെ. സെക്രട്ടറി |
| 1-31 | | 98000/- | ശ്രീമതി.ശോഭന സി.ഡി.പി.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 874000/- | ശ്രീ.അൻസാർ കെ. സെക്രട്ടറി |
| 1-31 | 98000/- | ശ്രീമതി.ശോഭന ഐ.സി.ഡി.എസ് സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റഫീഖ് സി.കെ സെക്രട്ടറി | സെക്രട്ടറി, ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | റഷാജ്,ചിങ്ങപുരം,കോഴിക്കോട് |
| ശ്രീ.അൻസാർ കെ. സെക്രട്ടറി | സെക്രട്ടറി,കീഴരിയൂർ ഗ്രാമപഞ്ചായത്ത് | കുന്നത്ത്,തുറയൂർ പി.ഒ,കോഴിക്കോട് |
| ശ്രീമതി.ശോഭന സി.ഡി.പി.ഒ | സി.ഡി.പി.ഒ,വടകര അർബ്ബൻ | ഉത്രം(വീട് ),എടക്കുളം,കോഴിക്കോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡി. പി1/2688/2018 തീയതി-29.04.2019 | 2 | 30(1), (2) |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി/ പി1/1315/2018(2) തീയതി 01.08.2018 | 2 | 27(എ), 38 |

| | | | |
|---|---|---|---|
| 2001-02 | കെ.എസ്.എ.കെ.കെ.ഡി. പി1/1315/2018(3) തീയതി 01.08.2018 | 2 | 12, 13 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി1/1315 /2018(5) തീയതി 01.08.2018 | 2 | 3-8, 3-9 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി. പി1/1315 /2018(7)തീ. 01.08.2018 | 2 | 3-1, 4-4 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി1/1315 /2018(8)തീ. 01.08.2018 | 1 | 3-9 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി1/1315 /2018(9) തീയതി 01.08.2018 | 8 | 2-1, 2-2, 3-3, 3-4, 3-5,<br>3-6, 3-9, 4-3 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി1/1315 /2018(10) തീയതി 01.08.2018 | 4 | 3-2, 3-5, 3-10, 3-12 |
| 2010-11,11-12 | കെ.എസ്.എ.കെ.കെ.ഡി.പി2/807/15 തീയതി 19.10.2015 | 13 | 1-5, 1-10, 3-2, 3-6, 3-7, 3-8,<br>3-9, 3-10, 3-11, 3-13, 3-15, 4-4, 4-6 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി/പി2 /17/2015 തീയതി 06.01.2015 | 7 | 3-1, 3-3, 3-4, 3-5, 3-6, 3-7,3-10, 3-12,3-13,3-14,3-15, 3-16,3-17 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി1 /4/2017 തിയതി.23.03.2017 | 6 | 2-1, 3-1, 3-7, 3-10, 3-13, 3-17(7),4-9 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./പി1 /1720/2018 തീയതി 22.09.2018 | 8 | 2-1(1), 2-1(2), 2-2, 3-2, 3-4, 3-5,<br>3-8, 3-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി1 /311/2018 തിയതി.21.02.2018 | 19 | 2-1(1), 2-2, 2-3, 2-7, 3-1, 3-2, 3-3,3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-13,3-16, 3-19, 4-9 |
| 2017-18 | കെ.എസ്.എ.കെ.ഡി./പി1/648/2019 തിയതി-27.05.2019 | 16 | 1-10, 1-12, 2-1(1,2,3), 2-3, 2-4, 3-1, 3-2, 3-3(1)(2), 3-5, 3-6, 3-8, 3-10, 3-11, 3-15, 3-16, 3-17 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./പി1 /648/2019 തിയതി-27.05.2019 | 5 | 1-5, 1-6,1-7(2,4,5)<br>1-13, 1-17 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./പി5 /1271/2021 തിയതി-17.01.22 | 10 | 1-2(5),1-4(1), 1-7-1(സമാഹൃതം), 1-9,1-11,1-12, |

| | | | |
|---|---|---|---|
| | | | 1-13,1-14, 1-15(സമാഹൃതം),1-16, 1-17(സമാഹൃതം), 1-18(സമാഹൃതം),1-19 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം ,കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്